2017 നവംബർ 10
വാല്യം 10
ലക്കം 21

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ബിഷപ്പ് കുപ്പായ മാനിയ പടരുന്നു

എപ്പിസ്കോപ്പൽ സഭകളുടെ ശൈലി അനുകരിച്ചുകൊണ്ട് പ്രൊട്ടസ്റ്റന്റ് നവീകരണപ്രസ്ഥാനങ്ങളിലെ ചില ഒറ്റയാന്മാരും ബിഷപ്പ് ആകുന്നു.

അസംബ്ലീസ് ഓഫ് ഗോഡിന്റെ സെക്രട്ടറിയായിരുന്ന ബാബു ജോർജ്ജായിരുന്നു മെത്രാഭിഷേകം കൊണ്ട് അടുത്തകാലത്ത് വിവാദപുരുഷനായ ഒരു പെന്തെക്കോസ്തുകാരൻ. കുപ്പായവേഷത്തെ ന്നായി ന്യായീകരിക്കാൻ അദ്ദേഹം ശ്രമിച്ചെങ്കിലും ചെറുത്തുനില്പ്പുകൾ ഫലം കാണാതെ അസംബ്ലീസ് ഓഫ് ഗോഡിന്റെയും അതുവഴി പെന്തെക്കോസ്ത് സമൂഹത്തിനും പുറത്തേക്ക് ബാബു ജോർജ്ജിന് പോകേണ്ടി വന്നു.

ഏറ്റവും ഒടുവിൽ എം. എ. വർഗീസിന്റെ സഹായി ആയിരുന്ന മനു മേനോനും കൂട്ടരും ആണ് ബിഷപ്പായി മാറിയത്. സമുദായ സഭകളിൽ സി. എസ്. ഐ., ഇവാഞ്ചലിക്കൽ ഒഴിച്ചുള്ള പ്രസ്ഥാനങ്ങൾ ബിഷപ്പുമാരുടെ ഗാർഹസ്ഥ്യ ജീവിതം അനുവദിക്കാറില്ല. വിവാഹിതർക്ക് യാക്കോബായ-ഓർത്തഡോക്സ് സഭകളിൽ പരമാവധി കിട്ടാവുന്ന ഉയർന്ന പദവി കോർഎപ്പിസ്കോപ്പ സ്ഥാനമാണ്. തിരുമേനിമാരാകാൻ ഒട്ടേറെ യോഗ്യതകൾ പരിഗണിക്കപ്പെടും. പാണ്ഡിത്യം, വേദശാസ്ത്രരംഗത്തെ ഗവേഷണം, അന്താരാഷ്ട്രവേദികളിലെ സാന്നിധ്യം, സാമൂഹ്യപ്രതിബദ്ധത, പൗരോഹിത്യ ജീവിതത്തിലെ കൃത്യതയാർന്ന ജീവിതചര്യ ഇതെല്ലാം പ്രധാനമാണ്.

പുരോഹിതന്മാരെ പൊതുവെ "അച്ചൻ" എന്നാണ് വിളിക്കാറ്. കേവലം ഒരു പുരോഹിതൻ പോലും ആയിരുന്നിട്ടില്ലാത്ത ഡോ. കെ.പി. ബിഷപ്പായത് അക്കാലത്ത് വലിയ വാർത്തയായിരുന്നു.

ബിഷപ്പ് പദവി എന്തോ വലിയ അംഗീകാരമാണ് അങ്ങനെയെങ്കിൽ മാത്രമേ ഇൻഡ്യയിൽ സുവിശേഷപ്രവർത്തനം നടത്താൻ ആവൂ എന്നൊക്കെ പ്രചരിപ്പിച്ചാണ് ഇക്കൂട്ടർ ബിഷപ്പ് കുപ്പായം ഇടുന്നത്. വേണ്ടത്ര ദൈവശാസ്ത്രപഠനമോ, സാമൂഹ്യ അംഗീകാരമോ, ദൈവനിയോഗമോ ഇല്ലാത്ത ഇവരുടെ ബിഷപ്പ് വേഷങ്ങളെ സമൂഹം തമാശയായി മാത്രമാണ് കാണുന്നത്.



ഇപ്പോൾ കുപ്പായമിട്ടവരിൽ മനു മേനോൻ ഏ.ജി. അംഗമായിരുന്നു. ബാംഗ്ലൂരിലുള്ള പാസ്റ്റർ എം. എ. വർഗീസിന്റെ ശിഷ്യനുമാണ്. ന്യൂ ജനറേഷൻ പ്രവണതകൾ ഇറക്കുമതി ചെയ്തതിലും ദുരുപദേശകരെ വളർത്തിയതിലും ഈ സഭയ്ക്കുള്ള പങ്ക് നിഷേധിക്കാനാവില്ല. വിശുദ്ധചിരി, കുര, ഛർദ്ദി, മരവിപ്പ് തുടങ്ങിയവയൊക്കെ ഇദ്ദേഹത്തിന്റെ ശിഷ്യന്മാർ പ്രയോഗിച്ചിരുന്നു. വ്യാജ രോഗശാന്തി അവകാശവാദങ്ങൾ നടത്തിയും ശാപവിമുക്തി നടത്തിയും കൈകാലുകൾക്ക് നീട്ടം കൂട്ടിയുമൊക്കെ ആളുകളെ ആകർഷിച്ച ഇക്കൂട്ടർ ഇടക്കാലത്ത് മുഖ്യധാരാ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ നിന്നും മാധ്യമങ്ങളിൽ നിന്നും ഉണ്ടായ എതിർപ്പുകൾ കാരണം ഒതുങ്ങിപ്പോയിരുന്നു. പിൽക്കാലത്ത് ഉയർന്നുവന്ന ഫയർ വിംഗ്സ് പോലുള്ള ന്യൂജനറേഷൻ ദുരുപദേശ സംഘങ്ങളും പിൻവലിഞ്ഞിരുന്നു. എന്നാൽ പരസ്പരമുള്ള മത്സരത്തിലൂടെ മുഖ്യധാരാ സഭകൾ ഇത്തരക്കാർക്ക് വീണ്ടും വേദിയൊരുക്കുവാൻ തുടങ്ങിയിരിക്കുന്നു.

സിനിമാനടീനടന്മാരെ വെല്ലുന്ന വേഷഭൂഷാദികളോടെയും ഫൈവ് സ്റ്റാർ സൗകര്യങ്ങളോടെയും ഉപദേശത്തിൽ അയവു വരുത്തിയുമാണ് ഇവർ ജനക്കൂട്ടത്തെ ആകർഷിക്കുന്നത്. രക്ഷിക്കപ്പെട്ടവർക്കും സ്നാനമേൽക്കാത്തവർക്കും കർത്തൃമേശ കൊടുക്കുക. കർത്താവിന്റെ മടങ്ങിവരവ് സംഭവിച്ചു എന്നു പറയുക. കൃപയുടെ കാലമാകയാൽ പാപം ചെയ്താൽ ന്യായവിധി ഉണ്ടാകയില്ല എന്നിങ്ങനെ വേദപുസ്തകവുമായി യാതൊരു ബന്ധവുമില്ലാത്ത പഠിപ്പിക്കലുകളാണ് അത്യന്താധുനിക ന്യൂജനറേഷൻകാർ നടത്തുന്നത്.

പൊതുസമൂഹത്തിൽ മാന്യത നേടുവാനും കോടികളുടെ ഫണ്ടിംഗിനുമായ

06

## ഉൾക്കാഴ്ചകൾ

പെന്തെക്കോസ്ത് സമൂഹത്തിന്റെ ഐക്യപ്ലാറ്റ്ഫോം എന്ന് പ്രചരിപ്പിക്കപ്പെടുന്ന പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ എന്ന കടലാസ് പുലി ഇനി കാട് ഇറങ്ങിയേക്കാം. ഒരു കാലത്ത് സാമൂഹ്യപ്രശ്നങ്ങളിൽ അത്യധികം അവധാനതയോടെ ഇടപെടുകയും ഫലം കാണുംവരെ പോരാടുകയും ചെയ്തിരുന്ന സാംസ്കാരിക പ്രസ്ഥാനമായിരുന്നു പി.സി.ഐ. വി. എം. മാത്യു, തോമസ് വടക്കേക്കുറ്റ്, കെ. എൻ. റസ്സൽ, എൻ.എം.രാജു തുടങ്ങിയ അതിന്റെ നേതൃത്വം ആത്മാർത്ഥതയും കാര്യക്ഷമതയുള്ള പ്രവർത്തനങ്ങളോടെ ലോകമെമ്പാടുമുള്ള മലയാളി സമൂഹങ്ങൾക്കിടയിൽ മതിപ്പുളവാക്കുന്ന വിധം പ്രസ്ഥാനം കെട്ടിപ്പടുത്തു.

ഗ്ലാഡ്സൺ ജേക്കബ് സെക്രട്ടറി ആകുന്നതോടെയാണ് പി. സി. ഐ.യുടെ പതനദശ ആരംഭിക്കുന്നത്. മൗലികമായ പെന്തെക്കോസ്ത് ഉപദേശങ്ങൾ അവതരിപ്പിക്കപ്പെടണം എന്നും ന്യൂജനറേഷൻ പ്രതിഭാസങ്ങളെ ചെറുക്കണം എന്നും നിലപാട് ഉണ്ടായിരുന്ന തങ്കുവിനെ ഉൾക്കൊള്ളിക്കുവാനും പി.സി. ഐ.യുടെ ലേബൽ ഉപയോഗിച്ചത് ഇടക്കാലത്ത് വിവാദമായിരുന്നു. അത് ഒരു മുൻ ലക്കത്തിൽ കുറിപ്പെഴുതിയ കാരണത്താൽ ഈ ലേഖകനെതിരെ സന്തോഷപുത്രൻ ചന്ദ്രഹാസം ഇളക്കി. പ്രതികാരബുദ്ധി തീരാതെ ഒരു ഐ.പി.സി. കൗൺസിലിൽ എനിക്കെതിരെ ശബ്ദമുയർത്തി. ത്രീയേകത്വ സംവാദത്തിന് ഷാർജയിലേക്ക് പോകാൻ ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ അനിൽകൊടിത്തോട്ടത്തിന് കത്ത് കൊടുത്തത് എന്ത് എന്നതായിരുന്നു ഗ്ലാഡ്സന്റെ സംശയം. എനിക്കുപകരമായി ഗ്ലാഡ്സന് പോകാൻ താല്പര്യം ഉണ്ടായിരുന്നോ എന്ന് അറിഞ്ഞുകൂടാ.

ഇപ്പോൾ ശ്രീ. ഗ്ലാഡ്സൺ പി.സി.ഐയിൽ നിന്ന് അവധിയെടുത്ത് വേറെന്തോ ഒരു ഐക്യമുന്നണി തട്ടിക്കൂട്ടിയിരിക്കുന്നു.ഗ്ലാഡ്സനെപ്പോലെ ഐക്യദാഹമുള്ള കുറെ സംഘടനക്കാരെ ഒപ്പം കൂട്ടി, പൂക്കെന്ന് അപ്പൻ മജിസ്ട്രേറ്റായി എന്ന മട്ടിൽ ഗ്ലാഡ്സൺ സാർ അവയുടെ അത്യുന്നത അമരക്കാരനായി. പി. സി. ഐ.യിൽ നിന്ന് ഇപ്പോൾ വിട്ടു നിൽക്കുന്ന റസ്സലിനെ തിരികെ വിളിച്ച് സെക്രട്ടറിയാക്കാൻ ശ്രമം

## പി.സി.ഐ. രക്ഷപ്പെട്ടേക്കും

### – അനിൽ കൊടിത്തോട്ടം



06

## ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

### പാസ്റ്റർ സി ബേബിച്ചൻ, (മീഡിയ ഡയറക്ടർ)



പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ജനറൽ കണവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ പ്രത്യാശ നഗർ കൺവൻഷൻ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടും

സ്വദേശത്തും വിദേശത്തുമുള്ള ആയിരക്കണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും കൺവൻഷനിൽ സംബന്ധിക്കും. ഒരാഴ്ച നീണ്ടു നിൽക്കുന്ന കൺവൻഷന്റെ അനുഗ്രഹത്തിനും വിജയകരമായ നടത്തിപ്പിനുവേണ്ടി 2017 നവംബർ 6 മുതൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിലുള്ള ശുശ്രൂഷകന്മാരും വിശ്വാസികളും ഉപവസിച്ച് പ്രർത്ഥിക്കും.

കൺവൻഷന്റെ വിപുലമായ നടത്തിപ്പിനായി വിവിധ കമ്മറ്റികൾ ദൈവസഭ ഓവർസിയർ റവ കെ.സി സണ്ണിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അലോചന മിറ്റിങ്ങിൽ ചുമതലപ്പെടുത്തി. കൂടുതൽ ആളുകളെ കമ്മറ്റിയിൽ ഉൾപ്പെടുത്തുന്നതിനായി കമ്മറ്റി വിപുലീകരിക്കുന്നതിനായി നവംബറിൽ വീണ്ടും കൺവൻഷൻ കമ്മറ്റി കൂടുന്നതായിരിക്കും

## സാക്ഷി



പെന്തെക്കോസ്തിൽ ബിഷപ്പ് കുപ്പായ മാനിയ പടരുന്നു - വാർത്ത

*കാരണം വയറിന്റെ വലിയ "വിശപ്പ്" തന്നെ*

## സൗദിയും യിസ്രായേലും പരസ്യമായ ബന്ധത്തിലേക്കോ?

### പ്രകാശ് പി. കോശി

മധ്യേഷ്യയിൽ വാചക കസർത്തിലൂടെയോ സൈനിക നടപടിയിലൂടെയോ പോരടിക്കാത്ത രണ്ടു രാജ്യങ്ങളാണ് സൗദിയും യിസ്രായേലും. വർഷങ്ങളായി നയതന്ത്രപരമായി ഈ രണ്ടുരാജ്യങ്ങളും രഹസ്യമായി സഹകരിക്കുന്നു എന്ന് പറയപ്പെടുന്നു. എന്നാൽ ഇരു രാജ്യങ്ങളുടെയും ബന്ധം ഇനി മുതൽ പരസ്യമായ രീതിയിൽ ആയിരിക്കും എന്നതിന് തെളിവായി യിസ്രായേൽ ചാരസംഘടന മൊസാദിന്റെ മുൻ മേധാവി എഫ്രയിം ഹാലിയും സൗദ്യ അറേബ്യയുടെ മുൻ രഹസ്യവിഭാഗം മേധാവിയും രാജകുമാരനും ആയ തുർക്കി ബിൻ ഫൈസലും ന്യൂയോർക്കിലെ ഒരു സിനഗോഗിൽ ഒക്ടോബർ അവസാന ആഴ്ച കൂടിക്കാഴ്ച നടത്തി.

ഇറാന്റെ ആണവകരാറും ആ മേഖലയിൽ ഈ രാജ്യം ഉയർത്തുന്ന ഭീഷണിയും ആയിരുന്നു ഈ കൂടിക്കാഴ്ചയിലെ പ്രധാന അജണ്ട. എങ്കിലും സൗദിയും ഇസ്രായേലും ഈ ബന്ധം മുന്നോട്ട് കൊണ്ടുപോകും എന്ന് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു. ഫൈസൽ രാജകുമാരൻ ഈ കൂടികാഴ്ചയെക്കുറിച്ച് ഇങ്ങനെ പറഞ്ഞു. "ഒരു ജൂത സിനഗോഗിൽ ആദ്യമായാണ് വരുന്നത്. എങ്കിലും ഇത് എന്റെ അവസാനത്തെ കൂടികാഴ്ച ആകരുതേ എന്ന് ആഗ്രഹിക്കുന്നു".

ഇറാന്റെ ആണവ ഭീഷണിയെ ചെറുക്കാൻ യിസ്രായേലിന് മാത്രമേ കഴിയൂ എന്ന യാഥാർത്ഥ്യം ആയിരിക്കും ഒരു പക്ഷെ സൗദിയെ യിസ്രായേലിനോട് അടുപ്പിക്കുന്നത്.

സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സാൽമൻ ചെങ്കടൽ തീരത്ത് സ്മാർട്ട് സിറ്റി പ്രഖ്യാപിച്ചപ്പോൾ യിസ്രായേലിലെ വ്യവസായ സംരംഭകർ ആഹ്ലാദത്തിലായി.

സൗദിയും ജോർദ്ദാനും ഈജിപ്റ്റും മാത്രമേ ഔദ്യോഗികമായി ഈ വൻസംരംഭത്തിൽ ഉള്ളൂ എങ്കിലും ഇത് ഒരു നിക്ഷേപ അടിസ്ഥാനത്തിൽ ഉള്ള പദ്ധതിയായതുകൊണ്ട് യിസ്രായേൽ കമ്പനികളെ ഇതിൽ ഉൾപ്പെടുത്തുന്നത് തടയാനാവില്ലെന്ന് കരുതുന്നു. മാത്രമല്ല മതപരമായി മിതമായുള്ള നിയമങ്ങളും പ്രത്യേക പുരോഗമന സ്വഭാവങ്ങളും ഉള്ള നഗരമായിരിക്കും NEOM എന്നറിയപ്പെടുന്ന ഈ സ്മാർട്ട് സിറ്റി പദ്ധതി. യിസ്രായേലിന് NEOM-ൽ ഉള്ള താല്പര്യത്തെ അടിസ്ഥാനമാക്കി ഇരു രാജ്യങ്ങളും തമ്മിലുള്ള രഹസ്യ കത്തിടപാട് ജെറുസലേം പോസ്റ്റ് പത്രം കണ്ടെത്തിയെന്ന് അവർ അവകാശപ്പെടുന്നു. യിസ്രായേ

07

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

# വെല്ലുവിളിക്കുന്ന നേതാക്കന്മാർ

## എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

അധികാരം എന്നത് ഇക്കാലത്ത് ഏറ്റവും കൂടുതൽ ദുർവിനിയോഗം ചെയ്യപ്പെട്ട വാക്കാണ്... എന്താണ് അധികാരം? മനുഷ്യൻ മനുഷ്യന്റെ മൂല്യങ്ങൾ മറന്നു പോവുന്ന ഒരു കാലഘട്ടത്തിൽ അടിസ്ഥാനവർഗത്തിന്റെ ആവശ്യങ്ങൾക്ക് മീതെയുള്ള കടന്നു കയറ്റമായി അധികാരമെന്ന പദത്തിന്റെ അർഥം മാറ്റപ്പെട്ടിട്ടുണ്ട്. നീതിയും ന്യായവും പണക്കാരന്റെ നിയമസംഹിതയിലെ മാത്രം വാക്യങ്ങളായി അടിവരയിടപ്പെടുമ്പോൾ തോൽക്കുന്നത് നിരപരാധികളുടെ ജീവിതങ്ങളാണ്... കല്ലെറിയുന്നവൻ നിരപരധിയും അതേൽക്കുന്നവൻ കുറ്റവാളിയുമായി മാറുന്ന ഒരവസ്ഥയിലേക്കു നമ്മുടെ സാമൂഹിക ചുറ്റുപാടുകൾ മാറുന്നുണ്ട്. അത്തരത്തിലുള്ള ഒരു സംഭവമാണ് കേരളത്തിൽ ജനജാഗ്രത യാത്രയുടെ വേദിയിൽ കണ്ടത്. കായൽ കയ്യേറ്റ ആരോപണത്തിൽ പരസ്യ വെല്ലുവിളിയുമായി മന്ത്രി തോമസ് ചാണ്ടി. ഇടതു മുന്നണിയുടെ ജനജാഗ്രതാ യാത്രയിലാണു ജാഥ ക്യാപ്റ്റനും സിപിഐ സംസ്ഥാന സെക്രട്ടറിയുമായ കാനം രാജേന്ദ്രനെ വേദിയിലിരുത്തി മന്ത്രി തോമസ് ചാണ്ടി പ്രതിപക്ഷത്തെയും സർക്കാരിലെ 'ചിലരെയും' വെല്ലുവിളിച്ചത്. തനിക്കെതിരെ ചെറുവിരലനക്കാൻ ഒരു അന്വേഷണസംഘത്തിനും കഴിയില്ലെന്നും തോമസ് ചാണ്ടി കൂട്ടിച്ചേർത്തു. ഇനിയും നിലം നികത്തുമെന്നും, ശേഷിക്കുന്ന 42 പ്ലോട്ടുകൾ കൂടി മണ്ണിട്ടു നികത്തി വഴി ഉണ്ടാക്കുമെന്നും നടത്തിയ വെല്ലുവിളി അധികാരം കയ്യിലിരിക്കുന്നതിന്റെ ഹുങ്കാണ്. അധികാരം കയ്യിലുണ്ടെങ്കിൽ ആർക്കും എന്തും ആകാം എന്ന സ്ഥിതി വിശേഷം വളരെ ഗൗരവകരമായ അവസ്ഥയിലേക്കാണ് കേരളത്തെ നയിക്കുന്നത്. അഴിമതിയാണ് രാജ്യത്തിന്റെ ഏറ്റവും വലിയ രോഗമെന്നും അതിനെതിരായ കുരിശുയുദ്ധത്തിലാണ് താനെന്നും ആവർത്തിച്ചുകൊണ്ടിരിക്കുന്ന കേരളാ ഭരണാധികാരിയുടെ പൊള്ളത്തരം വെളിപ്പെടുത്തുന്ന നടപടി കൂടിയാവുകയാണ് സംസ്ഥാനത്തെ ഒരു മന്ത്രിയുടെ പരസ്യമായ ഈ വെല്ലുവിളി. കയ്യേറ്റ കേസിൽ വ്യക്തമായ സൂചനകൾ ലഭിച്ചുവെങ്കിലും ഏതെങ്കിലും വിധത്തിലുള്ള അന്വേഷണത്തിന് സർക്കാർ സന്നദ്ധമാകാതെ റിപ്പോർട്ടിന്മേൽ നിയമോപദേശം തേടിയിരിക്കുകയാണ്. മന്ത്രിയുടെ രാജി ആവശ്യം പോലും പല കോണുകളിൽ നിന്നും ഉയർന്നിരുന്നുവെങ്കിലും അതൊന്നും ചെവിക്കൊള്ളാൻ അഴിമതിക്കെതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ച സർക്കാർ തയ്യാറായില്ല. രാഷ്ട്രീയസദാചാരം എന്നത് ഇന്ത്യൻ ജനാധിപത്യത്തിൽ ഇന്ന് അർഥം നഷ്ടപ്പെട്ടുപോയൊരു വാക്കാണ്. ധനശേഷിയും സ്വാധീനശേഷിയും ഉപയോഗിച്ച് പാർട്ടികളെ വരച്ചവരയിൽ നിർത്തുന്ന, രാഷ്ട്രീയക്കാരുടെ മുഖംമൂടി അണിഞ്ഞ ക്രിമിനലുകളെ ഏതുപാർട്ടിയിലും കാണാം. ഇവർ ഉൾപ്പാർട്ടി ജനാധിപത്യത്തെ മാത്രമല്ല, ജനാധിപത്യത്തെത്തന്നെ അപ്പാടെ തകർക്കുന്നു. ഇവർക്ക് ഭരണത്തിലോ, രാഷ്ട്രീയത്തിലോ പങ്കുണ്ടാകാൻ പാടില്ല. രാഷ്ട്രീയത്തിലെ കുറ്റവാളിവത്കരണം തടയാൻ ഒരുമാർഗമേയുള്ളൂ. കുറ്റവാളികൾ രാഷ്ട്രീയത്തിൽ കടക്കുന്നതും വിരാജിക്കുന്നതും തടയുക. ഇവരെ തീണ്ടാപ്പാടകലെ നിർത്താൻ പാർട്ടികൾ ഇനിയും തയ്യാറല്ലാത്തതിനാൽ, ഇതിനുതകുന്ന ഏത് ഇടപെടലുകളെയും ജനം സ്വാഗതം ചെയ്യും. എന്നാൽ ഇന്നത്തെ രാഷ്ട്രീയ പാർട്ടികൾ വ്യക്തിപരമായ അജണ്ടയിലേക്ക് അവരുടെ പ്രക്രീയ ചുരുങ്ങിയത് എല്ലാ പാർട്ടികളുടെയും പൊതു സ്വഭാവമായി മാറി. കേരളത്തിലെ രാഷ്ട്രീയ പ്രക്രിയയുടെ അവസ്ഥാന്തരവും അത് ഇന്ന് എത്തിനില്ക്കുന്ന ജഡാവസ്ഥയും സൃഷ്ടിച്ച സ്വഭാവിക മാർഗ്ഗത്തിലാണ് ഇന്നത്തെ സഞ്ചാരം. സമ്മർദ്ദശക്തിയോ വില പേശാനുള്ള കഴിവോ ഇല്ലാത്ത മുഴുവൻ ജനവിഭാഗങ്ങൾക്കും അവരുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന കാര്യങ്ങൾക്കു വേണ്ടി നിലപാട് സ്വീകരിക്കാനോ അവർക്ക് വേണ്ടി പ്രതിരോധം ഉയർത്തുവാനോ ആരും ഇല്ല. ജനപ്രതിനിധികളായി തിരഞ്ഞെടുക്കുന്ന നിയമ നിർമ്മാണം നടത്തുന്ന നിയമസഭാ സാമാജികർ തന്നെ നിയമത്തെ വെല്ലുവിളിച്ച് അട്ടിമറിക്കുവാൻ ശ്രമിച്ചല്ല എവിടെ നീതി നടപ്പിലാകും. ഇത് ബോധ പൂർവ്വമായി ഒരു സംഘാടനത്തിന്റെ ഫലമായോ താത്വികമായ നിർവചനങ്ങൾക്ക് വിധേയമായോ സംഭവിച്ചതല്ല. ഒരു കേന്ദ്രീകൃത ധൈഷിണിക നേതൃത്വമോ ബൗദ്ധിക ദിശാനിർണയങ്ങളോ ആ പ്രതിഭാസത്തെ നയിക്കുകയോ സ്വാധീനിക്കുകയോ ചെയ്യുന്നില്ല. രാഷ്ട്രീയ പ്രക്രീയയുടെ അപചയത്തിൽ നിന്നോ പരിണാമത്തിൽ നിന്നോ ഉത്ഭവിച്ച ഒരു അവസ്ഥയായി രൂപാന്തരപ്പെട്ടതാണ് ആ വെല്ലുവിളി. രാജ്യത്തെ ജനങ്ങൾക്ക് നീതിയും സുസ്ഥിര ഭരണവും ഉറപ്പ് വരുത്താൻ ഭരണകൂടങ്ങൾക്ക് കഴിയാതെ പോകുന്നത് ഭരണത്തിന്റെ, അധികാരത്തിന്റെ, ശോഷിച്ച മൂല്യങ്ങളുടെ പിടിപ്പുകേടുകൊണ്ടാണ്...തെളിവുകൾ സാധാരണക്കാരന് എതിരാക്കി മാറ്റാൻ പണം കൈമുതലായി ഉള്ളവന് എളുപ്പം സാധിക്കും എന്നതാണ് കേരളത്തിലെ, അല്ലെങ്കിൽ ഇന്ത്യയിലെ അടിസ്ഥാന വർഗ്ഗം ഇന്ന് നേരിടുന്ന നിയമപരമായ പ്രശ്നം. നമ്മുടെ നാട്ടിൽ എത്രയോ രാഷ്ട്രീയക്കാർ കേസുകളിലും കോഴക്കച്ചവടങ്ങളിലും പ്രതികളാണ്. എന്നിട്ടും അവർ വീണ്ടും വീണ്ടും ഭരണം കയ്യേറുമ്പോൾ അടിസ്ഥാനവർഗവും അവിടുത്തെ നിയമങ്ങളും വെറും നോക്കുകുത്തികൾ ആകേണ്ടി വരുന്നു... നീതി നിർവഹണം നടക്കേണ്ടത് വലിപ്പച്ചെറുപ്പം നോക്കിയല്ല... തെറ്റുകളിൽ നിയമത്തിന്റെ സാധുത പരമാവധി ഉപയോഗപ്പെടുത്താൻ ശ്രമിക്കുമ്പോൾ ജനസുരക്ഷ ശക്തമാവും. നിയമങ്ങൾ ശക്തമാവുമ്പോൾ എവിടെ എങ്ങിനെ ആരോട് പെരുമാറണം എന്ന് മനുഷ്യൻ പഠിക്കും. അവൻ നിയമങ്ങളെ ഭയക്കും. നിരപരാധികൾക്ക് വേണ്ടിയും രാജ്യത്തിനു വേണ്ടിയും സംസാരിക്കേണ്ടതിൽ മുൻപന്തിയിൽ നിൽക്കേണ്ടവർ മാധ്യമങ്ങളാണ്... കാരണം അവർ നേര് തേടേണ്ടവർ എന്നതുകൊണ്ട് തന്നെ. അവരിലൂടെ അഴിഞ്ഞു വീഴണം ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളുടെ മുഖംമൂടികൾ.

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)

## വേദപഠനം

തിമൊഥെയൊസ്

-തുടർച്ച-



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ആ മനുഷ്യന്റെ അവസ്ഥ മനസ്സിലാക്കി ഭഗവാൻ ചിരിച്ചുകൊണ്ടു പറഞ്ഞു. “നിനക്കു ലഭിക്കുന്നതു കൊണ്ടു സംതൃപ്തനാകാൻ വേണ്ടി അപേക്ഷിക്കുക,” ഈ കഥയിൽ നാം ശ്രദ്ധിക്കേണ്ടതും അനുവർത്തിക്കേണ്ടതുമായ പല യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. അധികമൊന്നും ചിന്തിക്കാതെ വേഗത്തിൽ എടുക്കുന്ന തീരുമാനങ്ങളെപ്പറ്റി പിന്നീട് ദുഃഖിക്കേണ്ട പല സാഹചര്യങ്ങളുമുണ്ടാകുന്നു. അന്യരുടെ അഭിപ്രായങ്ങൾ ആരായുന്നതു നല്ലതാണെങ്കിലും വിവേചനാപൂർവ്വം ചിന്തിച്ച് എടുക്കേണ്ട തീരുമാനം നമ്മുടേതാകണം. നമുക്കുള്ളതിനെപ്പറ്റി സംതൃപ്തി വരുത്താൻ സാധിക്കേണ്ടതാവശ്യമാണ്. ഭഗവാന്റെ നിർദ്ദേശം എത്ര സ്വാഗതാർഹമാണെന്ന് ഓർക്കുക, സംതൃപ്തി ആശ്വാസ്യവും അഭികാമ്യവുമാണെങ്കിലും സ്വയം സംതൃപ്തി അങ്ങനെയല്ല, ഞാൻ നേടിക്കഴിഞ്ഞു. ഞാൻ എല്ലാത്തിനും മതിയായവനാണ് എന്നുള്ള മനോഭാവം ദോഷകരമാണ്, അതോടുകൂടി വളർച്ച മുരടിക്കും. പ്രവർത്തിക്കാനുള്ള ഊർജ്ജവും ഉന്മേഷവും നഷ്ടമാകും. ബർണാഡ് ഷാ പ്രസ്താവിച്ചിരിക്കുന്നത് വളരെ ആശയമുള്ളതാണ്, എനിക്ക് ആവശ്യബോധം ഉള്ളിടത്തോളം ജീവിക്കുവാനുള്ള ലക്ഷ്യമുണ്ട് എല്ലാം തികഞ്ഞു എന്നുള്ള ചിന്ത മരണത്തിന് തുല്യമാണ്. ‘സംതൃപ്തി എന്നത് ഏതൊരാളും കൈവരുത്തേണ്ട ഒരു വിശിഷ്ടഭാവമാണ്. ജീവിതം സന്തോഷപ്രദവും കൃതജ്ഞതാ നിർഭരവുമാക്കുന്നതിൽ അതിനു വലിയ പങ്കുണ്ട്. എന്നാൽ സ്വയം സംതൃപ്തി ഉത്സാഹത്തെ കെടുത്തുന്നതും ജീവിതത്തെ മുരടിപ്പിക്കുന്നതുമാണ്.

സംതൃപ്തിയെന്നത് ദൈവം നൽകുന്ന ഒരു ദാനമാണ്. അത് എല്ലാവർക്കും ഉണ്ടാകണമെന്നില്ല. ജ്ഞാനികളിൽ ജ്ഞാനിയായായ ശലോമോൻ പറയുന്നത്, മഹാനിക്ഷേപവും അതിനോടുള്ള കഷ്ടതയും ഉള്ളതിനേക്കാൾ നല്ലത് യഹോവാ ഭക്തിയോടു കൂടെയുള്ള അൽപം ധനമാണ് (സദൃശ.15:16).

ബൈബിൾ വളരെ ഊന്നൽ നൽകുന്ന ഒരു വിഷയമാണ് സംതൃപ്തി, പൗലോസും മറ്റു അപ്പൊസ്തലന്മാരുംസംതൃപ്തിക്കു വലിയ പരിഗണന നൽകിയിട്ടുണ്ട്. അൽപമേ ഉള്ളുവെങ്കിലും സംതൃപ്തിയോടുകൂടെ ആണെങ്കിൽ അത് കാണുന്നവർക്കും കഴിക്കുന്നവർക്കും തൃപ്തി നൽകുന്നു. ഇന്നു മനുഷ്യർ ഉള്ളതിൽ തൃപ്തിയടയാതെ രാവും പകലും അദ്ധ്വാനിച്ചു പണം വാരികൂട്ടുവാനും ഉള്ള പദവികളിൽ സംതൃപ്തിപ്പെടാതെ കൂടുതൽ സ്ഥാനമാനങ്ങൾക്കുവേണ്ടി പരക്കം പായുന്നതായി കാണുന്നു. ദൈവമക്കൾക്കു ആവശ്യം തൃപ്തിയോടുകൂടിയ ദൈവഭക്തിയാണ് ഏറ്റവും വലുതായ ആദായം, അതു പോലെ ആഹാരവും വസ്ത്രവും ഉണ്ടെങ്കിൽ അവയാൽ നാം സംതൃപ്തരാകുക.

### ദൈവഭക്തി ആദായസൂത്രം
### (1 തിമൊ. 6:5)

പൗലോസിന്റെ കാലത്തും ഇന്നും ഇപ്രകാരമുള്ള വ്യക്തികളെയും ശുശ്രൂഷകന്മാരെയും കാണാം. പണത്തെയും സ്ഥാനമാനങ്ങളെയും സ്നേഹിച്ച സ്വാർത്ഥന്മാരായ ദുരുപദേശക്കാരെയും അവരുടെ ശുശ്രൂഷകളുടെ ലക്ഷ്യവും ജീവിതരീതിയും കണ്ടുകൊണ്ടു അപ്പൊസ്തലൻ തന്റെ അരുമശിഷ്യനും വിശ്വാസത്തിൽ നിജപുത്രനുമായ ശിഷ്യൻ തിമൊഥെയൊസിനു നൽകുന്ന മുന്നറിയിപ്പാണ് ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു. തുടർന്നു നൽകുന്ന സന്ദേശമാണ് അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു. അലംഭാവം എന്ന മലയാളവാക്ക് ചിലപ്പോൾ വായനക്കാർക്കു തെറ്റിദ്ധാരണ നൽകുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് അക്ഷരീകമായി അതിന്റെ അർത്ഥം എന്താണ് എന്നു ചിന്തിക്കുന്നത് നല്ലതാണ്. “അലം”എന്ന വാക്കും “ഭാവം” എന്ന വാക്കും കൂടി ചേർന്നാണ് അലംഭാവം എന്ന വാക്ക് ഉണ്ടായത്. “അലം” എന്നതിനു ഉള്ളത് മതി, തൃപ്തിപ്പെടൽ, സംതൃപ്തി എന്നും “ഭാവം” എന്നതിന് “മതി” എന്നുമാണ് അപ്പോൾ അതിനു “ഉള്ളതിൽ സംതൃപ്തിപ്പെടുക” എന്നത്രെ. ഇതിനോടുബന്ധിച്ച് യേശുക്രിസ്തു പറഞ്ഞ വാക്കുകൾ ഇവിടെ ഉദ്ധരിക്കുകയാണ്, ആകയാൽ നാം എന്തുതിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുതു, ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കും കിട്ടും. അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുതു, നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ മത്താ. 6:31-34. ദൈവത്തെ സ്നേഹിക്കുന്നതും സേവിക്കുന്നതും ആദായം ഉണ്ടാക്കുവാൻ ആയിരിക്കരുത്. ഇംഗ്ലീഷിൽ ഇങ്ങനെയൊരു ചൊല്ലുണ്ട്. ‘Health is wealth” ആരോഗ്യം സമ്പത്താണ്, അത് തിരിച്ചു പറയുമ്പോൾ Wealth is health സമ്പത്തും വേണ്ടിയും ആദായം ഉണ്ടാക്കുവാനുള്ള മാർഗ്ഗമായി ഉപയോഗിക്കരുത്.

(തുടരും...)

# വിശക്കുന്നവന് അപ്പവുമായി ഡാളസ് തെരുവിലേക്ക്

തയ്യാറാക്കിയത്
പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ



അപ്പത്തിനോടൊപ്പം സുവിശേഷവും: പാസ്റ്റർ സന്തോഷ് പൊടിമല സുവിശേഷം പങ്കിടുന്നു

അമേരിക്കൻ ഐക്യനാടുകളിലേക്കുള്ള എന്റെ ആദ്യയാത്രയിൽ എന്നെ അത്ഭുതപ്പെടുത്തിയ ധാരാളം കാഴ്ചകളുണ്ട്. സമ്പന്നതയുടെ മടിത്തട്ടിൽ വിരാജിക്കുന്ന ഈ രാജ്യത്തിന്റെ സൗഭാഗ്യങ്ങളിലും പ്രതാപത്തിലും കണ്ണുടക്കി നിന്ന എനിക്ക് ഓരോ കാഴ്ചയും അതിശയിപ്പിക്കുന്നതായിരുന്നു. എന്നാൽ ഈ സമ്പന്നതയുടെയിടയിലും തെരുവിലലയുന്ന ആയിരങ്ങളുടെ കഥ ഞെട്ടലുളവാക്കി. ഭവനരഹിതരായവരും ഭക്ഷണത്തിനുവേണ്ടി അലയുന്നവരും ധാരാളം ഉണ്ട് ഇവിടുത്തെ പട്ടങ്ങളുടെ ഇരുളിൽ.

ഡാളസിലെത്തിയ എനിക്ക് ഹോംലെസ് ആളുകൾക്കിടയിൽ പ്രവർത്തിക്കുന്ന സന്തോഷ് പൊടിമല എന്ന ദൈവദാസനെ കാണുവാൻ കഴിഞ്ഞത് മറ്റൊരത്ഭുതമായി. അനുഭവങ്ങളുടെ മൂശയിൽ രൂപപ്പെട്ട തന്റെ ശുശ്രൂഷ നമുക്ക് അത്ഭുതത്തോടെ മാത്രമേ നോക്കികാണുവാൻ കഴിയുകയുള്ളൂ. ആരും അടുക്കുവാൻ അറയ്ക്കുന്ന ആളുകളാണ് ഇവിടുത്തെ തെരുവിലുള്ളത്. നാറുന്ന വസ്ത്രവും ധരിച്ച് വൃത്തിഹീനമായ ചുറ്റപാടിൽ ജീവിക്കുന്ന ഇവരുടെ അടുത്തേക്ക് ഇറങ്ങിചെല്ലുക എന്നത് ഒട്ടൊരു പ്രയാസം തന്നെയാണ്. മദ്യവും മയക്കുമരുന്നും കുറ്റകൃത്യങ്ങളും ഒക്കെ വേരോടിയിരിക്കുന്ന ഇവരുടെ ഇടയിലുള്ള ശുശ്രൂഷ നിർവ്വഹിക്കണമെങ്കിൽ വലിയ സമർപ്പണം ആവശ്യമാണ്. പലരും ഈ ശുശ്രൂഷയെ അംഗീകരിക്കുവാനുള്ള മാനസിക വളർച്ച നേടിയിരുന്നില്ല. അതിനാൽ തന്നെ പലരും ഈ മിനിസ്ട്രിയോട് അകലം പാലിച്ചു നിന്നു. എന്നാൽ കാലം മുമ്പോട്ടു പോയപ്പോൾ ദൗത്യം തിരിച്ചറിഞ്ഞ് തന്റെ ശുശ്രൂഷയിൽ അനേകർ പങ്കാളികളാകുന്നു.

മനുഷ്യൻ പുറമെയുള്ളതിനെ കാണുകയും വിധിക്കുകയും ചെയ്യുമ്പോൾ യാഥാർത്ഥ്യങ്ങൾ മറ്റൊന്നായിരിക്കും. തെരുവിലലയുന്ന പലരുടെയും കഥകൾ കരളലിയിക്കുന്നതും നമ്മെ നൊമ്പരപ്പെടുത്തുന്നതുമാണ്. ജീവിതയാത്രയിൽ താളം നഷ്ടപ്പെട്ടവർ, ദുഷിച്ച കൂട്ടുകെട്ടുകളാൽ ജീവിതം തകർന്നവർ, വിവേകമില്ലാത്ത തീരുമാനങ്ങളാൽ ജീവിതം നഷ്ടപ്പെട്ടവർ, ചതിക്കപ്പെട്ടവർ ഇങ്ങനെ എത്രയോ കദനകഥകൾ. ജീവിത സൗഭാഗ്യങ്ങളുടെ കൊടുമുടിയിൽ നിന്നും തെരുവിലെത്തി പകച്ചു നിൽക്കുന്നവരുടെ നിസഹായാവസ്ഥ ആരെയും അമ്പരിപ്പിക്കും. അവിടെയാണ് സുവിശേഷത്തിന്റെ പ്രസക്തി. മനുഷ്യജീവിതത്തിന്റെ പരാജയങ്ങളെ മാറ്റുന്ന, രൂപാന്തരം വരുത്തുന്ന സുവിശേഷം. അത് തെരുവിലേക്കെത്തിക്കുവാൻ വലിയ സമർപ്പണം തന്നെ ആവശ്യമാണ്. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി അലയുന്നവർ, തണുപ്പിൽ നിന്ന് രക്ഷ നേടുവാൻ ബ്ലാങ്കറ്റും മറ്റും ചോദിക്കുന്നവർ, കിടക്കുവാൻ ഇടമില്ലാതെ മരച്ചുവട്ടിലും ഫ്ളൈ ഓവറുകളുടെ അടിയിലും തുറസായ സ്ഥലങ്ങളിലും അന്തിയുറങ്ങുന്നവർ, അവരിലേക്കിറങ്ങി ചെല്ലുന്നതിന് അല്പം കഠിനമായ പ്രയത്നം തന്നെ ആവശ്യമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്നവർ പലരുണ്ട്. എന്നാൽ നമ്മുടെ മലയാളി സമൂഹം വേണ്ട നിലയിൽ ഇതിന് പ്രാധാന്യം കൊടുക്കുന്നുണ്ടോ എന്നതാണ് സംശയം. ആയിരക്കണക്കിനാണ് തെരുവിൽ അലയുന്ന ജീവിതങ്ങൾ.

കാലിഫോർണിയക്കാരനായ ജെയ്സൺ ലിയോണിന്റെ കഥ നമ്മെ ജീവിതതകർച്ചയുടെ ആഴം എത്രയെന്ന് വരച്ച് കാട്ടും. മികച്ച അധ്യാപകനുള്ള അവാർഡ് മൂന്നുവർഷം തുടർച്ചയായി ലഭിച്ച ചെറുപ്പക്കാരൻ. ജീവിതപങ്കാളിയും രണ്ടുകുഞ്ഞുങ്ങളും മാതാപിതാക്കളും ഒരുമിച്ച് സന്തോഷകരമായി ജീവിച്ച കുടുംബം. വ്യക്തിവിരോധത്തിന്റെ പേരിൽ തന്നെ ചിലർ കുടുക്കിയപ്പോൾ തന്റെ ജീവിതം തകരുവാൻ തുടങ്ങി. കോടതി വെറുതെ വിട്ടെങ്കിലും അധ്യാപക ലൈസൻസ് നഷ്ടപ്പെട്ട ഇദ്ദേഹം ഒടുവിൽ മദ്യപാനത്തിലേക്ക് തിരിഞ്ഞു. അവിടെനിന്നും ആ ജീവിതം ഒഴുകിയെത്തിയത് ഡാളസിലെ തെരുവിലായിരുന്നു. മദ്യത്തിന് അടിമയായി തെരുവിലലഞ്ഞ ജെയ്സനെ സുവിശേഷം രൂപാന്തരപ്പെടുത്തി. താൻ പുതുമനുഷ്യനായി മാറി. മെൻ ഓഫ് നെഹെമ്യായിൽ തന്റെ ട്രെയിനിംഗ് പൂർത്തീകരിക്കാറായി. തന്റെ കുടുംബത്തോടെ ചേരുവാൻ ഒരുങ്ങിയിരിക്കുന്ന ജെയ്സന്റെ ജീവിതം ഇനി കർത്താവിനായി.



ബെഥേൽ റിവൈവൽ ചർച്ച് ശുശ്രൂഷകരും അംഗങ്ങളും ഭക്ഷണപൊതി വിതരണം നടത്തുന്നു

സമ്പന്നതയുടെ മടിത്തട്ടിൽ വിരാജിക്കുന്നവരാണ് അമേരിക്കക്കാർ എന്ന പൊതുധാരണയാണ് എല്ലാവർക്കും ഉള്ളത്. എന്നാൽ ഒരു നേരത്തെ ആഹാരത്തിനായി കൊതിക്കുന്നവർ ധാരാളം ഉണ്ട് ഇവിടെ. റോസാരിയോ മാറുകിസിന്റെ കഥ ശ്രദ്ധിക്കൂ. റിപ്പയറിംഗ് കമ്പനി നടത്തിക്കൊണ്ടിരുന്ന തന്റെ ഭർത്താവിന്റെ ജോലി നഷ്ടമായി. തനിക്കും ജോലിയില്ല. അഞ്ചുമക്കൾ. മൂത്ത മകളും ഭർത്താവും ജോലിയില്ലാത്തവർ. തൈറോയിഡ് ക്യാൻസർ ബാധിതയായ മാറിയ റോസാരിയോ ജീവിത സന്ധാരണത്തിനായി മുട്ടാത്ത വാതിലുകളില്ല. ആഹാരമില്ലാതെ വലയവെ യാദൃച്ഛികമായാണ് പാസ്റ്റർ സന്തോഷ് പൊടിമലയുടെ മുമ്പിൽ അവർ എത്തപ്പെടുന്നത്. അവരുടെ നിസ്സഹായവസ്ഥയിൽ അവർക്ക് ആവശ്യമുള്ള ആഹാരസാധനങ്ങൾ എത്തിക്കുവാൻ ആ നല്ല ശമര്യക്കാരന്റെ ശിഷ്യന് ഒട്ടും മടിത്തോന്നിയില്ല.



മുന്നൊരുക്കം: പാസ്റ്റർ സന്തോഷ് പൊടിമല, റവ. സന്തോഷ് പൊടിമല, റവ. ജോസഫ് ഡാനിയേൽ, മാത്യു ശമുവേൽ എന്നിവരുടെ നേതൃത്വത്തിൽ വിശ്വാസികൾ ഭക്ഷണം പായ്ക്കറ്റിലാക്കുന്നു.

ഒക്ടോബർ 21 ശനിയാഴ്ച രാവിലെ ഡാളസ് ഡൗൺടൗണിലെ ഹിക്കറി സ്ട്രീറ്റിലും സമീപ പ്രദേശങ്ങളിലുമായി നടന്ന ഭക്ഷണ വിതരണത്തിൽ പങ്കാളിയാവാൻ എനിക്കും അവസരം ലഭിച്ചു. കരോൾട്ടണിൽ റവ. ജോസഫ് ഡാനിയേൽ ശുശ്രൂഷകനായും റവ. മാത്യു ശമുവേൽ സഹശുശ്രൂഷകനായും പ്രവർത്തിക്കുന്ന ബെഥേൽ റിവൈവൽ സഭയുടെ സഹകരണത്തോടെയാണ് സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഭക്ഷണ വിതരണം നടത്തിയത്.

വ്യാഴാഴ്ച തന്നെ ഇതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിരുന്നു. സാംസ് സ്റ്റോറിൽ (വാൾമാർട്ടിന്റെ ഹോൾസെയിൽ കട) നിന്ന് ബ്രെഡ്, ചീസ്, കുക്ക്ഡ് ടർക്കി, പഴം, ചിപ്പ്സ്, വെള്ളം ഇതെല്ലാം വാങ്ങി സൂക്ഷിച്ചു. ശനിയാഴ്ച രാവിലെ 6 മണിക്കു തന്നെ ബെഥേൽ റിവൈവൽ ചർച്ചിലേക്ക് വിശ്വാസികളും ശുശ്രൂഷകരും എത്തി. എല്ലാം പാക്കറ്റുകളിലാക്കി. ഒപ്പം അവർക്കു വായിക്കുവാൻ സുവിശേഷപ്രതികളും അതിൽ വെച്ചു. പ്രാർത്ഥനയോടെ ഡാളസ് ഡൗൺടൗണിലെത്തി. ഭക്ഷണം ഉണ്ടെന്നറിഞ്ഞ് ജനം തെരുവിൽ ക്യൂ നിന്നു. ദൈവം അനുഗ്രഹിക്കട്ടെ എന്ന വാക്കുകളോടൊപ്പം ഭക്ഷണപ്പൊതിയും കൈകളിലേക്കു നൽകുമ്പോൾ ആ കണ്ണുകളിൽ നനവും നന്ദിയും പ്രതിഫലിക്കുന്നത് നൊമ്പരമായി മാറി. പാസ്റ്റർ സന്തോഷ് പൊടിമല നേതൃത്വം നൽകുന്ന സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് തുടർമാനമായി നടത്തുന്ന പ്രവർത്തനങ്ങൾ അനേകരെ ക്രിസ്തുവിലേക്ക് നയിക്കുന്നു. തെരുവിൽ നിന്ന് രക്ഷിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും തുടർമാനമായ കൂട്ടായ്മകൾ നൽകുന്നതിനും മെൻ ഓഫ് നെഹമ്യാ എന്ന സംഘടനയോടു ചേർന്നും താൻ സജീവമായി പ്രവർത്തിക്കുന്നു. ക്രിസ്തുസ്നേഹം പ്രവർത്തിയിലൂടെ എന്നതാണ് തന്റെ ആപ്തവാക്യം.



ഭക്ഷണ വിതരണത്തിനായി തെരുവിൽ ക്യൂ നിൽക്കുന്നവർ

തെരുവിലേക്കും ഒരു കൈസഹായം നൽകാൻ മലയാളി പെന്തെക്കോസ്ത് സമൂഹം തയ്യാറായാൽ അത് വലിയൊരു മാറ്റമാകും തീർച്ച.

ലേഖനം

# രാജ്യം രാജ്യത്തോടെ എതിർക്കുമ്പോൾ



ഷൈജു തോമസ്
ഞാറയ്ക്കൽ
9447313709,7561800305

ലോകമെങ്ങും അസമാധാനത്തിന്റെ അലയൊലികൾ അടിച്ചുയരുകയാണ്. ഭീകരാക്രമണങ്ങൾ തുടർക്കഥയായി മാറുമ്പോൾ നടുങ്ങുന്നത് ഒരു സമൂഹം ജനതയാണ്. സ്വത്തിനും ജീവനും സംരക്ഷണം നഷ്ടപ്പെടുമ്പോൾ, വീട്ടിൽ നിന്നും ഇറങ്ങി എങ്ങും സഞ്ചരിക്കുവാൻ കഴിയാതെ വരുമ്പോൾ എങ്ങനെ സമാധാനത്തോടെ ജീവിക്കുവാൻ കഴിയും. എവിടെയും ഏതു നിമിഷവും ഭീകരാക്രമണം പൊട്ടിപ്പുറപ്പെടാം എന്ന അവസ്ഥയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അമേരിക്കയിൽ വേൾഡ് ട്രേഡ് ആക്രമണം നടന്ന മാൻഹാട്ടനിൽ വെസ്റ്റ് സൈഡ് ഹൈവേയിൽ കാൽനടക്കാർക്കും സൈക്കിൾ യാത്രികർക്കും ഇടയിലേക്ക് അക്രമി വാഹനമോടിച്ച് കയറ്റി എട്ടു പേരെയാണ് കൊലപ്പെടുത്തിയത്. രാജ്യത്തിനകത്ത് യാതൊരു മുന്നറിയിപ്പും ഇല്ലാതെ നടക്കുന്ന ഇത്തരം ഭീകരാക്രമണങ്ങളെ ചെറുക്കുവാൻ കഴിയാതെ ലോകരാജ്യങ്ങൾ വലയുകയാണ്. ജാതിയുടെയും, മതത്തിന്റെയും, വർഗ്ഗത്തിന്റെയും, വർണ്ണത്തിന്റെയും പേരിൽ നടക്കുന്ന ഇത്തരം ആക്രമണങ്ങളെ അപലപിക്കുക മാത്രമെ ചെയ്യുവാൻ കഴിയുകയുള്ളു. പാശ്ചാത്യലോകത്തിൽ മാത്രമല്ല ഇൻഡ്യയിലും സ്ഥിതി വിഭിന്നമല്ല. ഭാരതത്തിന്റെ കഴിഞ്ഞകാല ചരിത്രം അതാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. പലപ്പോഴും ചരിത്രമെന്നത് വർത്തമാന ഭൂതകാലങ്ങളുടെ നിലയ്ക്കാത്ത സംവാദമായി കാലം അടയാളപ്പെടുത്താറുണ്ട്. കാരണം വർത്തമാനകാലത്തെ നോക്കിക്കാണാനുള്ള ഒരു താക്കോൽ പഴുത് ചരിത്രം എപ്പോഴും സൂക്ഷിക്കുന്നുണ്ടാവണം. എന്നാൽ സമകാലിന ചരിത്രം വർഗ്ഗീയവാദ സങ്കൽപ്പങ്ങളെ ചരിത്രപരമായിത്തന്നെ അവ നിർമ്മിക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. അങ്ങനെ ചരിത്രത്തിന് രാഷ്ട്രീയമാനം ഉണ്ടായിത്തീരുന്നു. പുരോഗമനപരവും പ്രതിലോമകരവുമായ രാഷ്ട്രീയങ്ങൾ ചരിത്രത്തെ അവരുടെ കൂടെക്കൂട്ടാറുണ്ട് എന്നത് എക്കാലത്തെയും ചരിത്ര സത്യമാണ്. ഇങ്ങനെ രചിക്കപ്പെടുന്ന ചരിത്രം ഇന്ത്യയുടെ രാഷ്ട്രീയ മണ്ഡലത്തിൽ നിലവിലുള്ള പങ്ക് കുറച്ചൊന്നുമല്ല ഉള്ളത്. സാമ്രാജ്യത്വ ചരിത്ര രചനാ സമ്പ്രദായങ്ങൾ അവലംബിച്ച വർഗ്ഗീയവാദ ചരിത്ര വ്യാഖ്യാനങ്ങൾ ഇന്നും ഇന്ത്യയുടെ മതേതര മനസാക്ഷിയെ ആഴത്തിൽ മുറിവേൽപ്പിച്ചിരിക്കുന്നു. വികലമായ ആ ചരിത്രത്തിൽ നിന്നും അടർന്നുവീണ പ്രകമ്പനമാണ് പിന്നീട് രാജ്യത്ത് പ്രകടമായതും പലപ്പോഴായി ഇന്നും തുടർന്നുകൊണ്ടിരിക്കുന്നതും. അതിൽനിന്ന് രാജ്യം രാജ്യത്തോട് എതിർത്ത് പല കാരണങ്ങളാൽ ഇപ്പോഴും രക്തം പൊടിഞ്ഞുകൊണ്ടിരിക്കുന്നു. കാലങ്ങളായി ഭരണാധികാരികളുടെ കൈയ്യിലെ ഒരു രാഷ്ട്രീയ ആയുധമായി വർഗ്ഗീയത മാറിക്കഴിഞ്ഞിട്ടുണ്ട്. ഒരു മതത്തിൽ വിശ്വസിക്കുന്നവന് മറ്റൊരു മതത്തിൽ വിശ്വസിക്കുന്നവനോട് കാണിക്കുന്ന അകൽച്ചയും പുച്ഛവുമൊക്കെ ഇന്ന് നമ്മുടെ ഈ വൈവിധ്യ സംസ്കാരത്തിന്റെ ഭാഗമായി മാറി. അത് വർഗ്ഗീയതയായി രൂപാന്തരപ്പെടുന്നു. ഇതേ വൈവിധ്യങ്ങളെ മുതലെടുത്താണ് മാറി മാറി നമ്മെ ഭരിച്ചവർ അധികാരത്തിലേക്കുള്ള സുഗമമായ പാത വെട്ടിത്തെളിയിച്ചത്. വർഗ്ഗീയ ആക്രമണങ്ങൾക്കും, ഭീകരതക്കും, അനീതിക്കും അകൽച്ചക്കും കാരണമാകുന്നതും ഈ വൈവിധ്യങ്ങൾ തന്നെയാണ്. ഈ വൈവിധ്യങ്ങളിൽ നിന്നാണ് വർഗ്ഗീയതയും പരസ്പര വിദ്വേഷവും ലഹളയും ഉടലെടുത്തത്. സമകാലിക ലോകത്തിൽ ഒരോ രാജ്യവും കടന്നു പോകുന്നത് ഒരുമയുടെ പാതയിലൂടെ അല്ല. എന്തിന്റെയെങ്കിലും പേരിൽ ഐക്യതയുടെ പാതയെ ഉപേക്ഷിച്ചുകളഞ്ഞു. മാനവികത എന്ന പദത്തിന്റെ സത്ത ഉൾക്കൊള്ളാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഇന്നുകാണുന്ന ഈ പരസ്പര വിദ്വേഷവും വർഗ്ഗീയതയും സമൂഹത്തിൽ ഇത്രമാത്രം വേരോടില്ലായിരുന്നു. നിരക്ഷരരും ദരിദ്രരുമായിരുന്നു മുമ്പേ കടന്നുപോയ നമ്മുടെ പൂർവ്വികർ മത ഭേദമില്ലാതെ പരസ്പര സ്നേഹവും ബഹുമാനവും നിലനിർത്തി കഴിഞ്ഞവരായിരുന്നു. അവർ പഠിച്ച ജീവിത താളുകളിലൊന്നും മതവർഗ്ഗീയതയുടെ അദ്ധ്യായങ്ങളുണ്ടായിരുന്നില്ല. ഇന്നു വിദ്യാഭ്യാസവും ചിന്താശക്തിയും വർദ്ധിക്കുകയും സമ്പത്തും സുഖസൗകര്യങ്ങളും കൂടുകയും ചെയ്തപ്പോൾ മാനവ സൗഹാർദ്ദത്തിന്റെ മൂല്യം തകർന്നു. മതചിഹ്നങ്ങൾ പെരുകിവരികയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർദ്ധിക്കുകയും ചെയ്തു. എനിക്കെന്റെ മതവും എന്റെ മതക്കാരും എന്ന കൂരിരുട്ടിലേക്ക് മനുഷ്യൻ ചുരുങ്ങി. ഗുരുതരമായ ഈ സ്ഥിതിവിശേഷത്തെ അധികാരം കയ്യാളുന്നവർ ശ്രദ്ധിച്ചതുമില്ല. അവരും ആഗ്രഹിച്ചത് ഒരു കണക്കിൽ ഇതുതന്നെയായിരുന്നു. അധികാരലഹരിയുടെ ഉഷ്ണത്തിൽ അടയിരുന്നു സുഖിച്ചവർക്കും അധികാരത്തിന്റെ ചവിട്ടുപടി ലക്ഷ്യമാക്കി പടയാത്ര നയിച്ചവർക്കും മതങ്ങൾ തമ്മിലും ജാതികൾ തമ്മിലും അകൽച്ച നിലനിർത്തേണ്ടത് ആവശ്യമായിരുന്നു. ഇന്നത്തെ ലോകരാഷ്ട്രീയം മതത്തിന്റെ പേരിൽ മനുഷ്യ മനസ്സുകൾക്കിടയിൽ ആദ്യമായി മതിൽ പണിതു. രാജ്യത്ത് വർഗ്ഗീയത വളർത്തി ജനങ്ങൾ തമ്മിലുള്ള ഐക്യം തകർക്കുകയാണ് പരിണിത ഫലമോ രാജ്യം രാജ്യത്തോടെതിർക്കുന്ന സ്ഥിതി വിശേഷം സംജാതമാകുന്നു. വർഗ്ഗീയവാദം വെറുപ്പിന്റെ രാഷ്ട്രീയമാണ്. ഹിംസയിൽ അധിഷ്ഠിതമായ ഒരു പ്രത്യയശാസ്ത്രമാണത്. നിരപരാധികളെയും അപരാധികളെയും കൊല്ലുക എന്നതാണ് അതിന്റെ സന്ദേശവും ലക്ഷ്യവും. അപ്രായോഗികമായ ഈ ഏകതാവാദം അത്യന്തം അപകടകരമാണെന്ന് പറയാതെ വയ്യ. രാജ്യത്തിന്റെ സമാധാനപരമായ നിലനിൽപ്പിന് മതങ്ങൾ തമ്മിലും മനുഷ്യർ തമ്മിലും പരസ്പരം ബഹുമാനത്തോടെ ഇടപഴകുന്ന സഹവർത്തിത്വാന്തരീക്ഷം ഉണ്ടാവേണ്ടതുണ്ട്. എവിടെയൊക്കെയോ മനുഷ്യർ തമ്മിൽ അതിർവരമ്പുകളും നിയന്ത്രണ രേഖകളും മാനസികമായി സൃഷ്ടിക്കപ്പെട്ടു എന്നതാണ് ഒരു യാഥാർത്ഥ്യം. എല്ലാ സംഘടനകൾക്കും, മതങ്ങൾക്കും, രാഷ്ട്രീയപാർട്ടികൾക്കും, പ്രത്യയശാസ്ത്രങ്ങൾക്കും ഇവിടെ ഇടമുണ്ട് എന്ന് ഓരോ സംഘടനയും അംഗീകരിക്കലാണ് രാജ്യ രാജ്യത്തോടെതിർക്കുന്ന വർഗ്ഗീയത ഇല്ലാതാക്കാനുള്ള പരിശ്രമങ്ങളുടെ ആദ്യത്തെ പടി. ഇതെല്ലാം വിശുദ്ധവേദപുസ്തകം മുമ്പുകൂട്ടി കണ്ടിരുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ ഒലിവു മല പ്രഭാഷണത്തിൽ വളരെ വ്യക്തമായി അതു പ്രസ്താവിക്കുകയും ചെയ്തു. സമകാലിന ലോകത്തിൽ അത് നിവൃത്തികരിക്കപ്പെടുന്നത് കാണുമ്പോൾ തന്റെ മണവാട്ടിയായ സഭയയെ ചേർക്കുവാൻ കർത്താവ് വരുവാൻ ഏറ്റവും അടുത്തിരിക്കുന്നു എന്നറിഞ്ഞ് നാം നമ്മുടെ പ്രത്യാശയെ പുതുക്കി മുന്നേറേണ്ടത് ഏറ്റവും ആവശ്യമായിരിക്കുന്നു.

# മതിലുകൾ പണിയാൻ ചിലരെ ആവശ്യമുണ്ട്



ബിനു ജോസഫ്
വടശ്ശേരിക്കര




1912ൽ ടൈറ്റാനിക് എന്ന കപ്പൽ ആഴങ്ങളിലേക്ക് മുങ്ങി താഴ്ന്നു.1528 പേർ ആണ് അന്ന് മരിച്ചത്. അതേ കപ്പലിലെ യാത്രക്കാരനായിരുന്നു ജോൺ ഹാർപ്പർ എന്ന സുവിശേഷകൻ. എല്ലാവരും രക്ഷപ്പെടുവാൻ മുറവിളി കൂട്ടിയപ്പോൾ കുഞ്ഞുങ്ങളെയും സ്ത്രീകളെയും ലൈഫ് ബോട്ടിൽ രക്ഷപ്പെടുത്തുവാൻ ഹാർപ്പറും മുൻകൈ എടുത്തു

എല്ലാവരും സ്വയം ജീവൻ രക്ഷിക്കാൻ ശ്രമിച്ചപ്പോൾ ജോൺ ഹാർപ്പർ 'താങ്കൾ രക്ഷിക്കപ്പെട്ടതാണോ?' എന്ന ചോദ്യവുമായി ഒരോരുത്തരുടെ അടുത്തേക്ക് ഓടി എത്തി. ചില നിമിഷങ്ങൾ കഴിഞ്ഞപ്പോൾ കപ്പൽ പാടെ തകർന്നു.പലരും തങ്ങൾക്ക് ലഭിച്ച പലക കഷണങ്ങളിൽ പിടിമുറുക്കി. മുങ്ങി താഴുന്ന ഓരോരുത്തരോടും ഇതേ ചോദ്യം തന്നെ ചോദിച്ചു. പലരെയും രക്ഷയിലേക്ക് നയിച്ചു.

അവസാനമായി തന്റെ പലകകഷണത്തിൽ പിടിച്ചു കിടക്കുമ്പോഴാണ് ഒരു യുവാവ് മുങ്ങി താഴുന്നത് കണ്ടത്, അദ്ദേഹം അവിടെ എത്തി തന്റെ പലകഷണം തനിക്ക് നൽകി.. ചോദ്യം വീണ്ടും ആവർത്തിച്ചു. 'താങ്കൾ രക്ഷിക്കപ്പെട്ടതാണോ?' 'അല്ല' എന്നായിരുന്നു അവന്റെ മറുപടി. അവനെയും രക്ഷയിലേക്ക് നയിച്ചു. തന്റെ ഓവർകോട്ടും അവന് നൽകിയിട്ട് പറഞ്ഞു, 'ഇത് നിനക്കാണ് എന്നെക്കാൾ ആവശ്യം'

'കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീ രക്ഷപ്രാപിക്കും'. ഇത്രയും പറഞ്ഞ് ആഴങ്ങളിലേക്ക് ജോൺ ഹാർപ്പർ മുങ്ങി താണു. ചില നാളുകൾക്കു ശേഷം അപകടത്തിൽ രക്ഷപെട്ട ഈ ചെറുപ്പക്കാരനാണ് ഹാർപ്പറുടെ അനുഭവം പങ്കിട്ടത്. ഇന്നും ഈ സംഭവം അനേകർക്ക് ഒരു വെല്ലുവിളിയായി ചരിത്രത്തിൻ അവശേഷിക്കുന്നു.

സുവിശേഷീകരണവുമായി ബന്ധപ്പെട്ട് യേശു പറയുന്ന രണ്ട് യാഥാർത്ഥ്യങ്ങൾ നാം മറക്കരുത്.

അതിൽ ഒന്നാമത്തേത് കൊയ്തു വളരെ ഉണ്ട് എന്നതാണ്

2000 വർഷങ്ങൾക്ക് മുമ്പ് യേശു പറഞ്ഞ വചനം ഒരു യാഥാർത്ഥ്യമായി തുടരുന്നു

1. ഇനിയും സ്ഥലമുണ്ട്

ലൂക്കോസിന്റെ സുവിശേഷം പതിനാറാം അധ്യായത്തിൽ യേശു പറയുന്ന ഒരു ഉപമയും ഉണ്ട്.ധനവാനായ മനുഷ്യൻ വലിയ ഒരു സദ്യ ഒരുക്കി. ആ കാലത്തിനുവേണ്ടി പലരെയും മുൻകൂട്ടി വിളിച്ചിരുന്നു. എന്നാൽ മുൻകൂട്ടി വിളിക്കപ്പെട്ട പലരും എത്തിയില്ല. യജമാനൻ ദാസനോട് പറഞ്ഞു വഴിത്തലയ്ക്കൽ പോയി മുടന്തൻമാർ കുരുടർ ഇങ്ങനെയുള്ളവരെ അകത്തേക്ക് ക്ഷണിക്കുക. ആ ദാസൻ യജമാനൻ പറഞ്ഞതുപോലെ ചെയ്തു. എന്ന് പറയുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഇനിയും സ്ഥലമുണ്ട്. ഒരുവേള ഭാഗത്തെപ്പറ്റി ഒരു ദൈവദാസൻ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. അല്ലയോ സന്തോഷവാനായ അതിഥിയേ നിങ്ങള് അത്താഴത്തിന് വേണ്ടി അകത്ത് കയറിയിരുന്നു. എന്നാൽ പുറത്ത് കിടക്കുന്നവരെ കുറിച്ച് നിങ്ങൾക്ക് വിചാരം ഇല്ലയോ.

നാം എല്ലാം ദൈവരാജ്യത്തിൽ പ്രവേശനം ലഭിച്ചവരാണ്. എന്നാൽ അത്താഴത്തിന് പ്രവേശനം ലഭിക്കാത്ത അനേകർ പുറത്തുണ്ട്. അവരെക്കുറിച്ച് നിങ്ങൾക്ക് യാതൊരു വിചാരവും ഇല്ലയോ?. നാം അറിയേണ്ട പ്രധാനപ്പെട്ട സംഗതി ഇതാണ്, ഇനിയും അകത്ത് സ്ഥലം ഉണ്ട്. ഇത് നാം അറിയണം ഒപ്പം പുറത്തുള്ളവരെ അറിയിക്കണം. മാത്രമല്ല അകത്തേക്ക് വരാൻ അവരെ നിർബ്ബന്ധിക്കുകയും വേണം. ക്ഷണിക്കുന്ന കാലം കഴിഞ്ഞു, ഇനിയുള്ളത് നിർബന്ധിക്കുന്ന കാലം ആണ്. അതുകൊണ്ട് പുറത്തുള്ളവരെ അടുത്തു വരുവാൻ നിർബന്ധിക്കുക. ഇത് തിരിച്ചറിഞ്ഞ് പൗലോസ് പറയുന്നു നിർബന്ധം എന്റെമേൽ കിടക്കുന്നു. സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം!

നമ്മുടെ ചുറ്റുപാടിലും കോളേജിലും ജോലിസ്ഥലത്തും ഉള്ളവരെ ഈ സത്യം അറിയിക്കണം. ഇനിയും സ്ഥലം ഉണ്ട്, അതുകൊണ്ട് നിർബന്ധിക്കുക. വീണ്ടും നിർബന്ധിക്കുക. ഇവരും ഈ അത്താഴം ആസ്വദിക്കേണ്ടവരാണ്. നോഹ പെട്ടകത്തിൽ അകത്തേക്ക് പ്രവേശിക്കാൻ ആളുകളെ ക്ഷണിച്ചത് നീണ്ട 120 വർഷങ്ങളാണ്. നമ്മുടെ ദൗത്യം വലുത്. അത്താഴത്തിന് വേണ്ടി ക്ഷണിക്കുക

2 . കൊയ്ത്ത് വളരെ ഉണ്ട്

യേശു തന്റെ ശിഷ്യന്മാരോട് പറയുന്നു, നിങ്ങൾ തല ഉയർത്തി നോക്കുവിൻ, ..... കൊയ്ത്ത് വളരെ ഉണ്ട് വേലക്കാരോ ചുരുക്കം.

ഇന്നും ഇത് ഒരു യാഥാർത്ഥ്യമായി തുടരുന്നു, കൊയ്ത്തിനായി വിളഞ്ഞ വയലുകൾ മുൻപിൽ ഉണ്ട്. കണ്ണുകൾ ഉയർത്തി നോക്കു.. വയലുകൾ വളഞ്ഞിരിക്കുന്നു. എന്നാൽ കൊയ്ത്തുകാർ വളരെ ചുരുക്കം

ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യം

ജറുസലേമിന്റെ മതിലുകൾ ഇടിഞ്ഞു തകർന്നു കിടക്കുമ്പോൾ അത് പണിയുവാൻ ഹൃദയ ഭാരമുള്ള നെഹമ്യാവ് മാർ ഉണ്ടാകണം. നെഹമ്യാവ് ആരായിരുന്നു?? രാജകൊട്ടാരത്തിൽ പാനപാത്ര വാഹകൻ. എന്നാൽ തന്റെ ജോലിയെക്കാൾ വലുത് ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന മതില് പണിയുന്നതാണ് എന്ന് ഗ്രഹിച്ചു. തന്റെ ജോലി ഉപേക്ഷിച്ച് അവൻ മതിലുകൾ പണിയുവാൻ ഇറങ്ങി തിരിച്ചു.

ഏകദേശം 52 ദിവസം കൊണ്ട് ജറുസലേമിന്റെ ഇടിഞ്ഞുകിടന്ന മതിലുകളിലെ പണിതു.

നെഹമ്യാവിന്റെ പുസ്തകം ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ ഇപ്രകാരം കാണുന്നു ഹഖല്യാവിന്റെ മകനായ നെഹമ്യാവ്. എന്നാൽ 52 ദിവസം കൊണ്ട് ഇടിഞ്ഞ് കിടന്ന മതിലുകൾ പണിതു കഴിഞ്ഞപ്പോൾ, പത്താം അധ്യായം ഒന്നാം വാക്യത്തിൽ നെഹമ്യാവിനെപ്പറ്റി കാണുന്നത് ഇപ്രകാരം ആണ് ഹഖല്യാവിന്റെ മകനായ ദേശാധിപതി നെഹെമ്യാവു. ദൈവാലയത്തിന്റെ പണിക്കുവേണ്ടി മുന്നിട്ടിറങ്ങിയ നെഹമ്യാവിനെ പറയുന്നത് ദേശാധിപതി അല്ലെങ്കിൽ ഗവർണർ എന്നാണ്.

ഇന്നും ഇടിഞ്ഞുകിടക്കുന്ന കുടുംബങ്ങളെയും സമൂഹത്തെയും പണിയുവാൻ മുന്നിട്ടിറങ്ങുന്ന ചിലരെ ദേശാധിപതികളായി ദൈവം നിയമിക്കും. അതിനു സമർപ്പണം ഉള്ള ആളുകളെയാണ് ദൈവം നോക്കുന്നത്.

**കഴിഞ്ഞ കാലത്തെ മിഷണറിമാർ**

ദൈവരാജ്യത്തിനുവേണ്ടി കഴിഞ്ഞ നാളുകളിൽ പ്രവർത്തിച്ചവർ എല്ലാവരും തന്നെ സമൂഹത്തെ പണിയുവാൻ കുടുംബങ്ങളെ പണിയുവാൻ മുന്നിട്ടിറങ്ങിയവരാണ്. അതുകൊണ്ടുതന്നെ ദൈവം അവരെ ഉയർത്തി മാനിച്ചു. ഇന്ത്യയിലെ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചത് ഒരു ക്രൈസ്തവ മിഷനറിയായിരുന്നു വില്ല്യം കേറി. സമൂഹത്തിലെ അധാർമികതക്കും അനാചാരത്തിനുമെതിരെ ശബ്ദമുയർത്തിയ ഒരു മിഷണറി. പ്രിന്റിങ്ങും സെമിനാരികളും കോളജുകളും ആരംഭിച്ച ഒരു മിഷണറി. ഇവരെ പോലുള്ളവർ ആണ് സമൂഹത്തെ മാറ്റി മറിച്ചത്. ഇന്നത്തെ കാലഘട്ടത്തിലും ചിലരെ ഇതുപോലെ ആവശ്യം ഉണ്ട്. (തുടരും....)

# ഗതി തെറ്റിയ കേരളാ പെന്തെക്കോസ്ത്

ഭാഗം – 1

# പ്രസ്ഥാനവൽക്കരണവും രക്ഷിക്കപ്പെടാത്ത സഭാംഗങ്ങളും



പാസ്റ്റർ ഫിലിപ്പ് പി. തോമസ്

കേരളത്തിലെ പെന്തെക്കോസ്ത് സഭകൾക്കുണ്ടായ ഗതിമാറ്റം, മൂല്യച്യുതി എന്നിത്യാദികാര്യങ്ങളെക്കുറിച്ച് വളരെ ഗൗരവമുള്ള ചർച്ചകൾ മാധ്യമങ്ങളിൽ നടക്കുന്നുണ്ട്. കേരളത്തിലെ ഒന്നാം തലമുറ പെന്തെക്കോസ്തു നേതാക്കന്മാരുടെ നിര്യാണശേഷം ദോഷകരമായ ഒട്ടേറെ ഗതിമാറ്റം പെന്തെക്കോസ്തു സഭകൾക്ക് സംഭവിച്ചിട്ടുണ്ട്. അവയെല്ലാം വിവരിക്കുവാൻ ഒരേ ലേഖനത്തിലൂടെ സാധ്യമല്ല. ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കട്ടെ. കേരളാ പെന്തെക്കോസ്തിലെ മൂന്നാം തലമുറയിലെ ഒരു സീനിയർ സിറ്റിസത്തിന്റെ വീക്ഷണം ഒന്നാം തലമുറക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമാകാം.

ഒന്നാമത്, പെന്തെക്കോസ്ത് എന്നത് ഒരു അനുഭവമാണ്, സഭയുടെ പേരല്ല. സഭയെന്നാൽ രക്ഷിക്കപ്പെട്ടവരുടെ കൂട്ടം ആണ് (അപ്പൊ.പ്ര.2:47). രക്ഷിക്കപ്പെട്ടവർ അപ്പൊസ്തലിക ഉപദേശങ്ങൾ അനുസരിച്ച് ജീവിക്കയും വേണം. യോവേൽ പ്രവാചകൻ (2:28) പ്രവചിച്ചതും കർത്താവ് വാഗ്ദത്തം ചെയ്തതുമായ പരിശുദ്ധാത്മ സ്നാനം എന്ന അനുഭവം അപ്പൊസ്തലപ്രവൃത്തി രണ്ടാം അദ്ധ്യായത്തിൽ നിറവേറി. ആദിമസഭയിൽ എല്ലാവരും രക്ഷ, സ്നാനം, ആത്മസ്നാനം (അന്യഭാഷ അടയാളത്തോടെ) എന്നീ അനുഭവങ്ങൾ ഉള്ളവരായിരുന്നു. ആദിമവിശ്വാസികളെ ക്രിസ്ത്യാനികൾ (അപ്പൊ.പ്ര.11:26) എന്നാണ് മറ്റുള്ളവർ വിളിച്ചിരുന്നത്. ഉപദേശഐക്യം ഉണ്ടായിരുന്ന സഭ ക്രമേണ ദർശനം നഷ്ടപ്പെട്ട്, ജാതീയ ആചാരാനുഷ്ഠാനങ്ങളിലേക്ക് പോയതും, സഭയുടെ അന്ധകാര യുഗവും എല്ലാം സഭാ ചരിത്രം വായിച്ചിട്ടുള്ളവർക്കറിയാം. മാർട്ടിൻ ലൂഥറിന്റെ നവീകരണത്തോടെ ക്രമേണ വിശ്വാസത്താലുള്ള നീതീകരണം മുതൽ ഓരോരോ ക്രിസ്തീയ വിശ്വാസപ്രമാണങ്ങളിലേക്ക് സഭ മടങ്ങിവന്നു. 19–ാം നൂറ്റാണ്ടോടെ വചനാനുസരണമുള്ള പെന്തെക്കോസ്ത് അനുഭവങ്ങളിലേക്ക് ജനങ്ങൾ എത്തിച്ചേർന്നു. ഉണർവ്വിന്റെ ജ്വാല കേരളത്തിലും കത്തിപടർന്നു. കേരളത്തിലെ പാരമ്പര്യ സഭകളിൽ നിന്നു. വിയോജിത പ്രസ്ഥാനത്തിൽ നിന്നും ജനങ്ങൾ പെന്തെക്കോസ്ത് അനുഭവത്തിലേക്ക് എത്തിയിട്ട് ഒരു നൂറ്റാണ്ടായി. രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, ആത്മസ്നാനം പ്രാപിച്ച വിശുദ്ധന്മാർ ഒരുമിച്ചുകൂടിയ കൂട്ടങ്ങളാണ് പെന്തെക്കോസ്ത് സഭകളായി വളർന്നുവന്നത്.

പെന്തെക്കോസ്ത് അനുഭവം (ആത്മസ്നാനം) പ്രാപിച്ചവരും, ഈ അനുഭവം ആഗ്രഹിച്ചവരുമായിരുന്നു ആദ്യകാല കേരള പെന്തെക്കോസ്തുകാർ. സുവിശേഷീകരണത്തിനായും പരസ്പര കൂട്ടായ്മയിലൂടെ ദൈവരാജ്യ വിസ്തൃതിക്കുമായാണ് പെന്തെക്കോസ്തു കൂട്ടായ്മകൾ ചേർന്ന് പ്രസ്ഥാനങ്ങൾ (സംഘടനകൾ) ഉണ്ടാക്കിയത്. പ്രസ്ഥാനവൽക്കരണം സദുദ്ദേശത്തോടെയായിരുന്നെങ്കിലും പിൽക്കാലത്ത് സഭക്ക് (ഇന്നും) ദോഷഫലങ്ങൾ വളരെ ഉണ്ടാക്കി. പ്രസ്ഥാനമുണ്ടാക്കിയവർക്ക് അന്നുണ്ടായിരുന്ന ദർശനവും ഉദ്ദേശ്യ ശുദ്ധിയും പിൻതലമുറക്കാർക്കില്ലാതെ പോയി. സദുദ്ദേശത്തോടെ തുടങ്ങിയ പലതും പിൽക്കാലത്ത് ദോഷമായതിന്റെ ഉത്തമ ഉദാഹരണമാണല്ലോ യെരുശലേം ദൈവാലയത്തിലെ പഴയവാണിഭശാല. വിദൂരതയിൽ നിന്നു വരുന്നവരുടെ സൗകര്യാർത്ഥം യാഗമൃഗത്തെ വാങ്ങുവാൻ ഏർപ്പെടുത്തിയ സംവിധാനമാണല്ലോ പിൽക്കാലത്ത് ആലയത്തിനകത്ത് വാണിഭശാലയായത്. രണ്ടു പ്രാവശ്യം കർത്താവ് വാണിഭക്കാരെ പുറത്താക്കിയത് ചരിത്രം. ഇന്ന് സഭക്കുള്ളിലെ ബിസിനസ് ലോബിക്കെതിരെ പ്രതികരിക്കുന്നവരെ സഭാ വിശുദ്ധരായി ചിത്രീകരിക്കുവാനും ഗുണ്ടായിസവും പണവും ഉപയോഗിച്ച് ഒതുക്കുവാനുള്ള ശ്രമമാണല്ലോ കാണുന്നത്. ആദർശത്തിന്റെയും ഉപദേശത്തിന്റെയും സംരക്ഷകരായി അഭിനയിച്ച പലരും ഇപ്പോൾ ബിസിനസ് ലോബിയുടെ ആനുകൂല്യം പറ്റി അവർക്കൊപ്പം ലോബിയുടെ മുന്നണിയിലുണ്ടല്ലോ.

1950 കളോടെ പ്രസ്ഥാനത്തിനു അധികാര വടംവലികളികളും അഭിപ്രായവ്യത്യാസങ്ങളും സ്വാർത്ഥതാല്പര്യങ്ങളും വർദ്ധിച്ചുവന്നു. ഉപദേശ വ്യത്യാസമില്ലാത്ത സഭകൾ തന്നെ പല പ്രസ്ഥാനങ്ങളായി, സംഘടനകളായി നിൽക്കുന്നത് സ്ഥാനമാനങ്ങൾക്കല്ലാതെ ദൈവരാജ്യത്തിന് പ്രയോജനം ഉണ്ടാക്കുന്നില്ലല്ലോ. ഈ ദുരവസ്ഥ പെന്തെക്കോസ്തുകാരേക്കുറിച്ചുള്ള അവമതിപ്പ് വർദ്ധിപ്പിക്കുന്നു. പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ ഭാരവാഹികൾ അനിവാര്യമാണല്ലോ. പരസ്പര സ്നേഹത്തോടെയും വിട്ടുവീഴ്ചാ മനോഭാവത്തോടും ധാരണയിലൂടെയും ഒക്കെയായിരുന്നു പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ ഭാരവാഹികളെ തിരഞ്ഞെടുത്തിരുന്നത്. ആദ്യകാലനേതാക്കന്മാരെല്ലാം നിസ്വാർത്ഥരും, അവരുടെ പദവികൾ ശുശ്രൂഷക്കുള്ള അവസരം മാത്രമായാണ് അവർ കരുതിയിരുന്നത്. ഏതോ അധികാരശ്രേണിയുള്ള ഉന്നതസ്ഥാനമായി അവർ ഈ പദവികളെ കരുതിയിരുന്നില്ല. എല്ലാവരും കൂട്ടുസഹോദരന്മാരും കൂട്ടുമൂപ്പന്മാരും മാത്രം ആയിരുന്നു. ഒന്നാം തലമുറ പെന്തെക്കോസ്തിലും തർക്കങ്ങളും ഭിന്നതകളും ഉണ്ടായിട്ടുണ്ടെങ്കിലും പരിഹരിക്കപ്പെട്ടിട്ടുണ്ട്. അബ്രഹാമും ലോത്തും തമ്മിൽ പിരിയേണ്ടി വന്നിട്ടുണ്ടല്ലോ. ഐ.പി.സി.യുടെ ഭിന്നതാ കാലത്തും ചിലരിൽ നിന്നും സഭ്യേതരവും, ലോകക്കാർ ചെയ്യാൻ മടിക്കുന്ന പ്രവൃത്തികളും ഉണ്ടായിട്ടുണ്ട്. എന്നാൽ വിരലിലെണ്ണാവുന്നത്ര ആളുകളിൽ നിന്നു മാത്രമേ, ആ മാതൃകയായുള്ള പ്രവർത്തികൾ ഉണ്ടായിട്ടുണ്ട്. എല്ലാ അവയവങ്ങളിലേക്കും അർബുദം വ്യാപിച്ചിരുന്നില്ല. എന്നാൽ ഇന്ന് താഴെ തട്ടിൽവരെ അധികാര വടംവലികളും രാഷ്ട്രീയവും വ്യാപിച്ചിരിക്കയാണ്. സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്ഥാനങ്ങളിൽ ജനാധിപത്യ രീതിയിലുള്ള തെരഞ്ഞെടുപ്പുകൾ ഒഴിവാക്കാനാവില്ല. പ്രസ്ഥാനത്തിൽ അംഗത്വം എടുത്തിട്ടുള്ളവർ സ്ഥാനാർത്ഥിയാകുവാൻ പാടില്ലായെന്നോ വോട്ടവകാശം ഉപയോഗിക്കരുതന്നോ പറയുന്നുവെങ്കിൽ, അവർ പ്രസ്ഥാനത്തിൽ നിന്നും പുറത്തുപോയി സ്വതന്ത്രമായി പ്രവർത്തിക്കണം. തെരഞ്ഞെടുപ്പും വോട്ടിംഗും ഉള്ള പ്രസ്ഥാനങ്ങളിൽ അംഗത്വം എടുത്തിട്ട്, വോട്ടുചെയ്യുന്നവർ നരകത്തിൽ പോകുമെന്നൊക്കെ പറയുന്നവർ അഭിനവപരീശന്മാരാണ്. അധികാരത്തിന്റെ ഇടനാഴിയിൽ നിൽക്കുന്നവർ പിന്മാറ്റക്കാരാണെന്നു പറയുന്നവർ അധികാരത്തിലെത്തുമ്പോൾ പിന്മാറ്റക്കാരെക്കൊണ്ടുതലയിൽ കൈവപ്പിച്ച് അനുഗ്രഹം വാങ്ങണോ? എന്നാൽ ഗതിമാറിയതെങ്ങനെയെന്നും ചിന്തിക്കാം. ലേഖകനും തെരഞ്ഞെടുപ്പിൽ ജയിച്ചിട്ടും തോറ്റിട്ടുമുണ്ട്. ഇനി സ്ഥാനാർത്ഥിയാകത്തില്ലെന്ന് തീരുമാനവും ഇല്ല.

സഭയുടെ ഗതിമാറ്റത്തിന്റെ കാരണം സൂചിപ്പിച്ച് ലേഖനത്തിന്റെ ഒന്നാംഭാഗം അവസാനിപ്പിക്കാം. പെന്തെക്കോസ്ത് അനുഭവം പ്രാപിച്ചവരുടെ കൂട്ടമാണ് പെന്തെക്കോസ്തു സഭകളെന്ന് പറഞ്ഞിരുന്നല്ലോ എന്നാൽ ക്രമേണ, ഈ കൂട്ടായ്മകളിൽ പെന്തെക്കോസ്തുകാർ ന്യൂനപക്ഷമായിരിക്കയാണ്. ഇപ്പോൾ കേരളത്തിലെ പെന്തെക്കോസ്തു സഭകൾ സ്നാനപ്പെട്ടവരുടെ കൂട്ടങ്ങളാണ്. സ്നാനപ്പെട്ടവരിൽ നല്ല ഒരു ഭാഗം വീണ്ടും ജനിച്ചവരല്ല അതിന്റെ കാരണം അടുത്തലക്കത്തിൽ പറയാം. ഇനിയും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടവരിൽ തന്നെ നല്ലൊരു ശതമാനം അന്യഭാഷാഭാഷണത്തോടെ ആത്മസ്നാനം പ്രാപിച്ചവരുമല്ല. ബ്രദറൺ സഭക്ക് വളർച്ചയില്ലെങ്കിലും പെന്തെക്കോസ്തുസഭകളിൽ ബ്രദറുകാർ പെരുകുകയാണ്. സ്നാനപ്പെട്ട് (വീണ്ടും ജനിച്ചു, അല്ലാതെയും) വരിസംഖ്യ അടച്ച് പ്രസ്ഥാനത്തിൽ അംഗത്വം എടുത്തവരെല്ലാം സഭാംഗങ്ങളായി മാറി. ലോക്കൽസഭകളിൽ ആത്മീയർ കുറഞ്ഞും, ജഡികർ കൂടിയും വരികയാണ്. ഫറവോന്റെ സ്വപ്നത്തിന്റെ മെലിഞ്ഞ പശുക്കൾ പുഷ്ടിയുള്ള പശുക്കളെ വിഴുങ്ങിയതുപോലെ ജഡികന്മാർ എല്ലാം വിഴുങ്ങുകയാണ്. ലോക്കൽ മുതൽ മുകൾതട്ടുവരെ ഇക്കൂട്ടർ അധികാരവും, ഭരണവും, ശുശ്രൂഷകൾ പോലും പിടിച്ചെടുക്കുകയാണ്. സ്നാനപ്പെട്ട തീയതി തിരുത്തിയും, ആത്മസ്നാനം പ്രാപിച്ചെന്ന് വ്യാജം പറഞ്ഞും സഭയുടെ അധികാരത്തിലെത്തിയവരുടെ കഥകൾ രഹസ്യമല്ലല്ലോ.

സഭക്കു സംഭവിച്ച മറ്റൊരു ദുർഗതി രാഷ്ട്രീയക്കാരുടെ സഭാ പ്രവേശനമാണ്. രാഷ്ട്രീയനേതാക്കൾ നമ്മുടെ വേദികളിൽ പ്രത്യക്ഷപ്പെടുന്ന കാര്യമല്ല പറഞ്ഞത്. ദീർഘ വർഷങ്ങൾ. രാഷ്ട്രീയത്തിൽ, വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ മുതൽ, പ്രവർത്തിച്ച ചിലർ മാനസാന്തരപ്പെട്ട് പെന്തെക്കോസ്തുസഭകളിൽ ചേർന്നിട്ടുണ്ട്. അണ്ണാൻ മൂത്താലും മരം കേറ്റം മറക്കത്തില്ലായെന്നു പറയുന്നതുപോലെ, ഇക്കൂട്ടർ അവരുടെ രാഷ്ട്രീയശൈലി ഉപേക്ഷിച്ചിട്ടില്ല. ആളുകളെ സ്വാധീനിക്കുവാനുംകൂടെ നിർത്തുവാനും അടവുനയങ്ങളും അറിയാത്ത ഇവർ പെട്ടെന്ന് സഭയിലും പഴയ രാഷ്ട്രീയ ശൈലികൾ ഉപയോഗിച്ച് സ്വാധീനം വർദ്ധിപ്പിച്ച് ഭരണസമിതികളിൽ എത്തിയത് വിപത്തായി. നാടുനന്നാകുകയല്ലല്ലോ രാഷ്ട്രീയക്കാരുടെ ലക്ഷ്യം. അധികാരത്തിലെത്തിക്കഴിഞ്ഞാൽ സ്വന്തം സാമ്രാജ്യം വിസ്തൃതിപ്പെടുത്തി പണവും പ്രശസ്തിയും, ലോകക്കാരുടെ ആദരവും നേടുകമാത്രമാണ് ഇവരുടെ ലക്ഷ്യം. പൊതുജനം കഴുതകളെന്നു പറയുന്നതു കേട്ടിട്ടുണ്ട്. അതുകൊണ്ട് രാഷ്ട്രീയക്കാരുടെ സ്വാർത്ഥത മനസ്സിലാക്കാതെ അവരെ പൊക്കിക്കൊണ്ടു നടക്കയും കൂട്ടി നേതാക്കന്മാർ ലാഭവീതം പങ്കിടുകയും ചെയ്യുന്ന കാഴ്ച സുപരിചിതമാണല്ലോ. ഇതുതന്നെയാണ് ഇന്ന് പെന്തെക്കോസ്തിലും നടമാടുന്നത്. ഈ ദുർഗതിയിൽ നിന്ന് ഒരു ദിശാമാറ്റം ഉണ്ടാകുമോ?

(തുടരും....)

## 69–ാമത് കരിയംപ്ലാവ് കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു



പാസ്റ്റർ ഒ. എം. രാജുക്കുട്ടി

**കരിയംപ്ലാവ്:** 2018 ജനുവരി 8 മുതൽ നടക്കുന്ന W M E സഭകളുടെ 69–ാമത് ദേശീയ ജനറൽ കൺവൻഷന്റെ ഒരുക്കങ്ങൾ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ ആരംഭിച്ചു. ജനറൽ പ്രസിഡന്റ് പാസ്റ്റർ ഒ. എം. രാജുക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നാഷണൽ പ്രസ്ബിറ്ററിയും ജനറൽ കൗൺസിലും ഒരുക്കങ്ങൾ വിലയിരുത്തി. 1948–ൽ ചെറിയ തോതിൽ ആരംഭിച്ച കരിയംപ്ലാവ് കൺവൻഷൻ ഇത്രത്തോളം വളരുവാൻ സഹായിച്ച ദൈവത്തിന് സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് പാസ്റ്റർ കെ. എം. പൗലോസിന്റെ പ്രാർത്ഥനയോടെയാണ് കൗൺസിൽയോഗം ആരംഭിച്ചത്. ഈ വർഷവും കൺവൻഷന്റെ വിജയകരമായ നടത്തിപ്പുകൾക്കായി വിപുലമായ ക്രമീകരണങ്ങളാണു ചെയ്യുന്നത്. കൺവൻഷൻ സ്ഥിരം സ്റ്റേജിന്റെയും വാട്ടർ ടാങ്കിന്റെയും നിർമ്മാണം ധൃതഗതിയിൽ നടന്നുവരുന്നു. വിശാലമായ പന്തൽ, വലുതും ചെറുതുമായ വാഹനങ്ങൾക്കു പ്രത്യേകം പാർക്കിംഗ് സൗകര്യം, അഞ്ഞൂറു പേർക്ക് ഇരുന്നു ഭക്ഷിക്കാവുന്ന ഭക്ഷണശാല എന്നിവയുടെ ഒരുക്കങ്ങളും ആരംഭിച്ചു. സംബന്ധിക്കുന്ന മുഴുവൻ വിശ്വാസികൾക്കും ഉച്ചയ്ക്കും വൈകിട്ടും ഭക്ഷണം നൽകുവാനുള്ള ക്രമീകരണം ചെയ്യുന്നതിനായി ഫുഡ് കമ്മറ്റിയെ ചുമതലപ്പെടുത്തി.

വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിശ്വാസികളും ഇൻഡ്യയ്ക്കു പുറമെ അമേരിക്ക, യൂറോപ്പ്, ഗൾഫ് എന്നിവിടങ്ങളിൽ നിന്നെത്തുന്ന വിശ്വാസികളും പങ്കെടുക്കും. പാസ്റ്റർ സി. പി. ഐസക് ജനറൽ കൺവീനറായി 101 പേരടങ്ങുന്ന കമ്മറ്റി പ്രവർത്തനമാരംഭിച്ചു. വിവിധ സബ് കമ്മറ്റി കൺവീനർമാരായി പാസ്റ്റർമാരായ സി. പി. ഐസക് (ഫിനാൻസ്), കെ. ജി. പ്രസാദ് (ഹോസ്റ്റ്), ജെയിംസ് വി. ഫിലിപ്പ് (പ്രോഗ്രാം), ജി. ഗബ്രിയേൽ, സി. എം. സാബു (പ്രെയർ), എൻ. ജെ. ജോസഫ് (ട്രാൻസ്പോർട്ട്), കെ. ജി. പ്രസാദ് (ലൈറ്റ് & സൗണ്ട്), സജി ചെറിയാൻ (പബ്ലിസിറ്റി), സൂസൻ രാജുക്കുട്ടി (ഫുഡ് & അക്കോമഡേഷൻ), കെ. ജെ. ജോസഫ് (സാനിട്ടേഷൻ), വി. ജെ. സാംകുട്ടി (റിസപ്ഷൻ), കുഞ്ഞുമോൾ തോമസ് (വോളന്റിയേഴ്സ്-സ്ത്രീവിഭാഗം) എന്നിവരെ തിരഞ്ഞെടുത്തു. വിവിധ പെന്തെക്കോസ്ത് സഭാ നേതാക്കളും ജനപ്രതിനിധികളും സാമൂഹ്യ സാംസ്കാരിക നേതാക്കളും പങ്കെടുക്കും.

പൊതുയോഗങ്ങൾ, പവ്വർ കോൺഫറൻസുകൾ, ബൈബിൾ സ്റ്റഡി, പ്രതിനിധി സമ്മേളനം, സഹോദരീ സമ്മേളനം, സണ്ടേസ്ക്കൂൾ-യുവജന സമ്മേളനങ്ങൾ, മിഷ്യനറി സമ്മേളനം, പെന്തെക്കോസ്ത് ഐക്യ സമ്മേളനം, സ്നാന ശുശ്രൂഷ, സംയുക്ത ആരാധന, കർത്തൃമേശ എന്നിവ ഉണ്ടായിരിക്കും. വിവിധ ദിവസങ്ങളിൽ W.M.E. സ്റ്റേറ്റ്-റീജിയൻ ഡയറക്ടറന്മാരായ പാസ്റ്റേഴ്സ് ഡി. സി. എച്ച്. ബർദൻ (ഒറിസ്സ), റവ. ജോഷ്വാ (ആന്ധ്ര പ്രദേശ്), ജി. ഗബ്രിയേൽ (തിരുവനന്തപുരം), എം. എം. മത്തായി എന്നിവർ നേതൃത്വം നൽകും. ദിവസവും രാവിലെ 5–ന് കാത്തിരുപ്പുപ്രാർത്ഥന, 8–ന് ബൈബിൾ സ്റ്റഡി, പകൽ 10 –നും 2–നും വൈകിട്ട് 6–നും പൊതുയോഗങ്ങൾ, വെള്ളിയാഴ്ച 10–ന് പ്രതിനിധി സമ്മേളനം, 2 –ന് സഹോദരീ സമ്മേളനം, ശനി രാവിലെ 8–ന് സ്നാന ശുശ്രൂഷ, 10–ന് സണ്ടേസ്ക്കൂൾ-യുവജന സമ്മേളനം, 2–ന് മിഷ്യനറി സമ്മേളനം എന്നിവകൾ നടക്കും. ഞായറാഴ്ച രാവിലെ 9–നു കർത്തൃമേശയും സംയുക്ത ആരാധനയും നടക്കും.

ചോദ്യോത്തരവേദി

# സ്നാനപ്പെടുത്തേണ്ടത് യേശുവിന്റെ നാമത്തിലോ അതോ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലോ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കേണം എന്ന് കർത്താവ് കല്പിച്ചതായി മത്തായി 28:19-ൽ വായിക്കുന്നു. എന്നാൽ അപ്പൊസ്തലന്മാർ സ്നാനം നടത്തിയ ഭാഗങ്ങളിലെല്ലാം പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും നാമം പറയാതെ യേശുവിന്റെ നാമത്തിൽ മാത്രമാണ് സ്നാനം കഴിപ്പിച്ചത്. ഉദാഹരണത്തിന് അപ്പൊസ്തലപ്രവർത്തികൾ 2:38, 8:16, 10:48, 19:5. അപ്പൊസ്തലന്മാർ എന്തുകൊണ്ട് യേശു കല്പിച്ചതുപോലെ ചെയ്തില്ല? യോഹന്നാൻ സ്നാപകൻ ആരുടെ പേരിലാണ് സ്നാനശുശ്രൂഷ നടത്തിയത്? **– ജിജി, കാനം**

**ഉത്തരം:** ക്രിസ്തീയ സ്നാനം എന്നുള്ളത് **ധന്യനായ ഏകാധിപതിയായ** (1 തിമൊ. 6:15) സത്യദൈവത്തിന്റെ മൂന്ന് ആളത്വങ്ങളിൽ ഒന്നായ യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിന്റെ ബാക്കിപത്രമായ ഒരു കർമ്മാനുഷ്ഠാനം കൂടിയാണ്. ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന സ്നാനഭാഗങ്ങളെല്ലാം യെഹൂദന്മാർക്കും ശമരിയാക്കാർക്കും, യഹൂദാ മതത്തെക്കുറിച്ച് നല്ല അറിവുള്ളവനായിരുന്ന (അപ്പൊ.പ്രവ. 10:2,22) ഒരു റോമൻ പട്ടാളമേധാവിക്കുമായിരുന്നു. മേൽവിവരിച്ച ഭാഗങ്ങളിൽ സ്നാനപ്പെട്ടവർക്കെല്ലാം പഴയനിയമ പുസ്തകങ്ങൾ നിശ്ചയമായിരുന്നു. അവർക്ക് പഴയനിയമ പുസ്തകങ്ങൾ അറിയാമായിരുന്നെങ്കിലും അതിൽ വെളിപ്പെടുത്തിയിരിക്കുന്ന പുത്രന്റെ ആളത്വത്തെക്കുറിച്ചും, പുത്രന്റെ ദൈവത്വത്തെക്കുറിച്ചും വേണ്ടത്ര വെളിപ്പാട് ലഭിച്ചിരുന്നില്ല. പഴയനിയമ വചനങ്ങൾ നിശ്ചയമുണ്ടെങ്കിലും പുത്രനാം ദൈവത്തിന്റെ ആളത്വം മനസ്സിലാകാതിരുന്ന യെഹൂദരെ കർത്താവ് വിളിച്ചിരുന്നത് **മന്ദബുദ്ധികളെ ബുദ്ധിഹീനരെ** എന്നായിരുന്നു (ലൂക്കോസ് 24:44, 25). “അയ്യോ **ബുദ്ധിഹീനരേ**, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതെല്ലാം വിശ്വസിക്കാത്ത **മന്ദബുദ്ധികളെ,** ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ച് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ?...മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതൊക്കെയും നിവൃത്തിയാകണം എന്നുള്ളതു തന്നെ” (ലൂക്കോസ് 24:25,44). അതായത് യെഹൂദരെ സംബന്ധിച്ചിടത്തോളം ക്രിസ്തീയ സ്നാനം എന്നത് യേശുവിന്റെ ദൈവത്വം അംഗീകരിക്കൽ മാത്രമായിരുന്നു. **പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും പ്രവർത്തികൾ യേശു മനുഷ്യനായി അവതരിക്കുന്നതിന് മുമ്പ് തന്നെ അവർ കാണുകയും വിശ്വസിക്കയും ചെയ്തിരുന്നവരാണല്ലോ. യേശുവിനെ ദൈവമായി അംഗീകരിക്കുക മാത്രമേ അവർക്ക് വേണ്ടിയിരുന്നുള്ളൂ. അതുകൊണ്ടാണ് സ്നാനസമയത്ത് പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും പേരു പറയാതെ യേശുവിന്റെ പേരിൽ സ്നാനപ്പെടുത്തിയത്.** എന്നാൽ അപ്പൊസ്തലന്മാർ വിശ്വാസികൾക്കുള്ള ലേഖനങ്ങളിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമങ്ങൾ ഉപയോഗിക്കുന്നത് നമുക്ക് കാണാം. 2 കൊരി. 13:14-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു: “പിതാവായ ദൈവത്തിന്റെ സ്നേഹവും, പുത്രനായ യേശുക്രിസ്തുവിന്റെ കൃപയും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ ആമേൻ”. യേശുവിന്റെ ദൈവത്വം പ്രഘോഷിക്കുന്നതാണ് സുവിശേഷം. യേശുവിനെ വെളിപ്പെടുത്തുകയാണ് പരിശുദ്ധാത്മാവും ഇപ്പോൾ ലോകത്തിൽ ചെയ്യുന്നത്. യോഹന്നാൻ 14:26-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു: “എങ്കിലും പിതാവ് **എന്റെ നാമത്തിൽ** അയക്കുവാനിരിക്കുന്ന പരിശുദ്ധാത്മാവ് എന്ന ആശ്വാസപ്രദൻ നിങ്ങൾക്ക് സകലതും ഉപദേശിച്ചുതരുകയും **ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും.**

യേശുവിന്റെ നാമത്തിൽ **മാത്രം** സ്നാനപ്പെടുത്തണമെന്ന് നിർബന്ധം പിടിക്കുന്നതും, പരിശുദ്ധാത്മാവിനോട് **മാത്രം** പ്രാർത്ഥിച്ചാൽ മതിയെന്നുള്ള ഉപദേശങ്ങൾ ഉണ്ടായിട്ട് 80 വർഷമേ ആയിട്ടുള്ളൂ. കഴിഞ്ഞ നൂറ്റാണ്ടിന് മുമ്പുള്ള ക്രിസ്ത്യാനികൾ നമ്മളേക്കാൾ ഭക്തരും ദൈവവചനത്തിൽ പ്രതിബദ്ധതയുള്ളവരുമായിരുന്നു. ആദിമ നൂറ്റാണ്ടിലെ വിശ്വാസികൾ മുതൽ കഴിഞ്ഞ നൂറ്റാണ്ടിന് മുമ്പുള്ള ക്രിസ്ത്യാനികൾക്കുവരെ ഈ വിഷയത്തിൽ ഒരു സംശയമോ വിഭാഗീയതയോ ഉണ്ടായിരുന്നില്ല.

യോഹന്നാൻ സ്നാപകൻ നടത്തിയ സ്നാനശുശ്രൂഷയും ക്രിസ്തീയസ്നാനവും തമ്മിൽ ഒരു ബന്ധവും ഇല്ല. യെഹൂദന്മാർക്ക് വാഗ്ദത്ത മിശിഹായെ വെളിപ്പെടുത്താനായി യോഹന്നാൻ നടത്തിയ ഒരു ശുശ്രൂഷയായിരുന്നു യോഹന്നാന്റെ സ്നാനപ്പെടുത്തൽ. യോഹന്നാൻ മരുഭൂമിയിൽ നാസീർവ്രതം അനുഷ്ഠിച്ചുകൊണ്ട് (സംഖ്യാപുസ്തകം 6) വെട്ടുക്കിളിയും തേനും കഴിച്ച് ജീവിക്കുമ്പോൾ ദൈവത്തിന്റെ അരുളപ്പാടു **ഏതാണ്ടിപ്രകാരം** യോഹന്നാനുണ്ടായി. ‘നീ പോയി യെഹൂദാജനത്തിന്റെരിക്കൽ ദൈവത്തിന്റെ പ്രസാദവർഷം പ്രസംഗിക്കാതെ പ്രതികാരദിവസം പ്രസംഗിക്കുക (യെശയ്യാവ് 61:2). ജനമെല്ലാം ഭയപ്പെട്ട് യോർദ്ദാൻ നദിയിൽ സ്നാനപ്പെടാൻ വരും. വാഗ്ദത്ത മിശിഹായുംവരും. വാഗ്ദത്ത മിശിഹയെ കാണുമ്പോൾ നീ നിന്റെ നിയോഗം മറക്കരുത്. മിശിഹായെയും സ്നാനപ്പെടുത്തണം. സ്വർഗ്ഗത്തിൽ നിന്ന് സാക്ഷ്യശബ്ദം ഉണ്ടാകുകയും ആത്മാവ് പ്രാവ് രൂപത്തിൽ അവന്റെമേൽ ആ സമയം ആവസിക്കുന്നതും കാണുമ്പോൾ നീ അവനെ യെഹൂദന്മാർക്ക് പരിചയപ്പെടുത്തണം. പരിചയപ്പെടുത്തി കഴിയുമ്പോൾ നിന്റെ ഭൂമിയിലെ ശുശ്രൂഷ തീരും.’ (ആശയപരമായ വ്യാഖ്യാനം, യോഹന്നാൻ 1 :19–34; ലൂക്കോസ് 3:1–22). ആഫ്രിക്കയിലും ഇൻഡ്യയിലും ചൈനയിലും അമേരിക്കയിലും യൂറോപ്പിലും കിടക്കുന്ന യെഹൂദരല്ലാത്തവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് സ്നാനപ്പെടുത്തേണ്ടത്. യെഹൂദാ മതാനുസാരികളെ (പഴയനിയമത്തിലെ 39 പുസ്തകങ്ങളിലെ ദൈവപ്രവർത്തികൾ മാത്രം വിശ്വസിക്കുകയും അതിലെ കർമ്മാനുഷ്ഠാനങ്ങൾ അനുസരിക്കുകയും ചെയ്യുന്ന യഹൂദരെ) യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തിയാലും മതി. കാരണം അവർ പിതാവിന്റെയും ദൈവാത്മാവിന്റെയും ശുശ്രൂഷ നേരത്തെ അനുഭവിച്ചവരാണ്. സ്നാനം എന്ന കർമ്മാനുഷ്ഠാനത്തിനുശേഷമാണ് യേശുവിന്റെ കല്പനകളൊക്കെ അനുസരിക്കേണ്ടത് എന്നുകൂടി മത്തായി 28:19,20 അർത്ഥമാക്കുന്നുണ്ട്.

അടിക്കുറിപ്പ്: 1) ‘സഹോദരന്മാരേ, **അധികം ശിക്ഷാവിധി വരും** എന്ന് അറിഞ്ഞ് നിങ്ങളിൽ **അധികംപേർ ഉപദേഷ്ടാക്കൾ** ആകരുത്’ (യാക്കോബ് 3:1)

(ഉപദേഷ്ടാവ് ആകാതിരിക്കുന്നതല്ലേ നല്ലതെന്ന് ആർക്കും തോന്നിപ്പോകും)

2) ‘പുരുഷൻ മുടി നീട്ടിയാൽ അത് അവന് അപമാനം’ (1 കൊരി.11:14)

(നീളത്തിന്റെ അളവ് പറഞ്ഞിട്ടില്ലാത്തതിനാൽ തല മൊട്ടയടിച്ച പുരുഷന്റെ തലമുടി ഒരു സെന്റീമീറ്റർ വളർന്നാലും അത് നീണ്ട മുടിയാണ്. അല്ലേ?)

3) ‘സ്ത്രീയെ സ്പർശിക്കാതിരിക്കുന്നതാണ് പുരുഷന് നല്ലത്’ ( 1 കൊരി.7:1)

(ഈ വചനത്തിന്റെ മുമ്പും പിമ്പും വായിക്കാതെ, അർത്ഥം ഗ്രഹിക്കാതെയിരിക്കുകയാണെങ്കിൽ, ആർക്കും വിവാഹം കഴിക്കാൻ സാധ്യമല്ലാതെ വരും)

അപ്പൊസ്തലിക അഭിപ്രായങ്ങളും, ഉപദേശങ്ങളും കല്പനകളുമായി വിശാലമായി കിടക്കുന്ന പുതിയനിയമത്തിലെ വചനങ്ങളുടെ അർത്ഥമാണ് നാം ഗ്രഹിക്കേണ്ടത്, അനുസരിക്കേണ്ടത്. **അപ്പോഴാണ് ദൈവത്തിന്റെ സാക്ഷ്യപത്രം ലഭിക്കുന്നത്.**

## 01 ബിഷപ്പ് കുപ്പായ മാനിയ പടരുന്നു.....

ള്ള മറയാണ് ഇപ്പോൾ നടക്കുന്ന ബിഷപ്പ് കുപ്പായമിടൽ എന്ന് പറയപ്പെടുന്നു. മുഖ്യധാരാ പെന്തെക്കോസ്തിലെ ചില നേതാക്കന്മാരും സംശയത്തിന്റെ നിഴലിലാണ്. പാസ്റ്റർ ബാബു ജോർജ്ജിനു പിന്നാലെ ഏ.ജിയിലെ ചില ശുശ്രൂഷകരും സെഫി എന്ന സംഘടനയിൽ നിന്ന് കുപ്പായം സ്വീകരിച്ചിരുന്നു. ഇതിനുവേണ്ടി ധാരാളം പണം മുടക്കിയാണ് കുപ്പായ സ്വീകരണം നടത്തുന്നത്. ചുമ്മാ ബിഷപ്പ് ആകുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്.

ഐ.പി.സി. വിശ്വാസിയായിരുന്ന ഡോ. കെ. പി. യോഹന്നാന്റെ ബിലീവേഴ്സ് ചർച്ച് എപ്പിസ്കോപ്പൽ ആയി മാറിയെങ്കിലും അദ്ദേഹം തന്റെ പ്രസ്ഥാനത്തെ മുഴുവനായി ആ നിലയിലേക്കു മാറ്റുകയായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ പ്രസ്ഥാനം പൂർണ്ണമായി പെന്തെക്കോസ്തിനോട് ബന്ധമില്ലാത്ത എപ്പിസ്കോപ്പൽ ആയി മാറിയിരിക്കുന്നു. മർത്തോമ്മാ സഭയിൽ നിന്ന് പുറത്താക്കിയ ഒരു പുരോഹിതൻ പിന്നീട് ഇത്തരത്തിൽ ബിഷപ്പായി മാറുകയുണ്ടായി.

ഇപ്പോൾ കുപ്പായം സ്വീകരിച്ചവരിൽ പലരും പെന്തെക്കോസ്തുകാർ എന്ന നാമം എടുക്കുന്നത് ജനത്തെ തെറ്റിദ്ധരിപ്പിക്കുവാനാണ്. ഇത്തരക്കാർക്ക് വേദിയൊരുക്കുന്നതിൽ നിന്ന് മുഖ്യധാരാ പെന്തെക്കോസ്ത് സഭകൾ മാറി നിൽക്കണം. അല്ലായെങ്കിൽ സംഭവിക്കുന്ന നഷ്ടം വലുതായിരിക്കും. പെന്തെക്കോസ്തിന്റെ തനിമയും ഉപദേശവും വേർപാടും നഷ്ടപ്പെടുത്തിയാൽ കാലങ്ങൾ കഴിയുമ്പോൾ പെന്തെക്കോസ്തിന്റെ നിലനിൽപ്പ് അപകടാവസ്ഥയിലാകും. അന്നു വിലപിച്ചിട്ടു കാര്യമില്ല മുൻകരുതലെടുക്കേണ്ടതും തടയിടേണ്ടതും പ്രസ്ഥാനങ്ങളുടെ മുൻ നിരയിലുള്ളവരാണ്.

## 01 പി.സി.ഐ. രക്ഷപ്പെട്ടേക്കും.....

നടത്തുന്നു എന്നറിഞ്ഞ് ഗ്ലാഡ്സൺ അവധി അപേക്ഷയിൽ കടിച്ചുതൂങ്ങി തിരിച്ചുവരാൻ പെടാപ്പാട് പെടുകയാണ്. പി.സി.ഐയുടെ എക്സിക്യൂട്ടീവ് അറിയാതെ ഒറ്റപ്പെട്ട നീക്കങ്ങളിലൂടെ പുത്രികാസംഘടനകൾ ഉണ്ടാക്കിയും അവയ്ക്ക് ഇഷ്ടം പോലെ ഭാരവാഹികളെ വച്ചും ഗ്ലാഡ്സൺ കസറുമ്പോൾ അത് പി.സി.ഐയിൽ ചർച്ചയായി. മജിസ്ട്രേറ്റിനെപ്പോലെ ഉത്തരവ് നൽകികൊണ്ട് ഇരുന്ന ഗ്ലാഡ്സന്റെ നിലപാടിൽ പ്രതിഷേധം ശക്തമായി. ഒടുവിൽ അത് കൈയ്യാങ്കളിയിലേക്ക് എത്തി. അവധിയെടുക്കാനും പുതിയസംഘടന തട്ടിക്കൂട്ടാനും ഇതൊക്കെ തന്നെ കാരണം. പൊതുവേ വിമർശനങ്ങൾ പരമാവധി ഒഴിവാക്കി ബൈബിൾ പഠനവും മറ്റുമായി കഴിഞ്ഞുപോന്ന ഈയുള്ളവനെ ഇപ്പോൾ ഇതൊക്കെ കണ്ട് വീണ്ടും ചിലത് കുറിച്ചാലെന്താ എന്നു തോന്നിപ്പോകുന്നു. വിമർശനങ്ങളെ സ്പോർട്സ്മാൻ സ്പിരിറ്റിൽ എടുക്കാനും തിരുത്തേണ്ടത് തിരുത്തി മുന്നോട്ട് പോകാനോ കഴിയാതെ പ്രതികാരബുദ്ധികൊണ്ട് മുന്നേറാൻ ചിന്തിക്കുന്ന അസുരവിത്തുകൾ പെന്തെക്കോസ്തിന്റെ അന്തകവിത്തുകളായി അവതരിക്കെ തൂലികയ്ക്ക് മൂർച്ച കൂട്ടാതെ വയ്യ.

പി.സി.ഐയിൽ ഇന്നും നല്ല ബോധവും വിവേകവും ഉള്ളവരുമുണ്ട്. അവരുടെ നല്ല പ്രവർത്തികളെ പിന്തുണച്ചിട്ടുമുണ്ട്. അപ്പോൾത്തന്നെ വടക്കേക്കുറ്റ്, റസ്സൽ, എൻ. എം. രാജു തുടങ്ങി ഞാൻ ജേഷ്ഠസ്ഥാനിയായി കാണുന്നവരെ വിമർശിച്ചിട്ടുമുണ്ട്. അവ നല്ല സെൻസിൽ എടുത്ത് അവർ സൗഹൃദം നിലനിർത്തിയിട്ടുണ്ട്. ശ്രീ. ഗ്ലാഡ്സന് ആകട്ടെ ഇത്തരം മര്യാദകൾ അറിഞ്ഞുകൂടാ. അതൊന്നും മാധ്യമപ്രവർത്തകർക്ക് പുത്തരിയുമല്ല. അതുകൊണ്ട് പി.സി.ഐക്കാർ മനസ്സിലാക്കേണ്ടത് നിങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കാനാണ് സംഘടനാ പ്രവർത്തനങ്ങൾ നടത്തുന്നതെങ്കിൽ ഇത്തരം അനാവശ്യ ഇടപാടുകളുടെ കൂത്തരങ്ങിൽ കൂട്ടുനിൽക്കരുത്. ഗ്ലാഡ്സൺ തിരുത്തിവരാത്ത പക്ഷം സെക്രട്ടറി എന്നല്ല പ്രാഥമിക അംഗം പോലും ആക്കരുത്. ആക്കുമെങ്കിൽ വിരോധമില്ല മാധ്യമ നിലപാടുകളുടെ ചൂടറിഞ്ഞ എത്രയെത്ര നേതാക്കന്മാരും പ്രസ്ഥാനങ്ങളും ഇവിടെയുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. അനുഭവങ്ങളിൽ നിന്നും പാഠം പഠിച്ചാൽ നന്ന്. ഈ കുറിപ്പിനോട് ഗ്ലാഡ്സനും പ്രതികരിക്കാൻ അവസരമുണ്ട്. പക്ഷെ, വിരട്ടൽ വേണ്ട. അത് വിലപ്പോകില്ല.

കവിത

പ്രകാശ് പി. കോശി

## അശ്രുപുഷ്പങ്ങളുടെ താരാട്ട്

കുഞ്ഞുങ്ങൾ ശാന്തമായുറങ്ങട്ടെ
മരണത്തിലേക്ക് അവരെ വിളിച്ചുണർത്തരുതേ,
നമ്മുടെ നിരാശ അവരെ നിരാശപ്പെടുത്തരുത്,
നമ്മുടെ വ്യസനം അവരെ വ്യസനിപ്പിക്കരുത്
നമ്മുടെ അഗ്നിപരീക്ഷകളിൽ
അവരുടെ കുഞ്ഞിചിറകുകൾ വാടാതിരിക്കട്ടെ.
സ്നേഹത്തിന്റെ താരാട്ട് പാടി അവരെ ഉറക്കുക
ശൗര്യത്തിന്റെ ശകാരവർഷം അവരുടെ ഉറക്കം
കെടുത്താതെയിരിക്കട്ടെ
മനുഷ്യദയയുടെ ക്ഷീരം അവർ പാനം ചെയ്യട്ടെ
മദ്യചഷകത്തിലെ അടുമ്പ് അവർ കുടിക്കാതെയിരിക്കട്ടെ
അവരുടെ നിഷ്കളങ്കതയുടെ കുഞ്ഞിളം ലോകത്തെ
നമ്മുടെ മുൻവിധികൊണ്ട് തകർക്കാതിരിക്കുക
സ്നേഹംകൊണ്ട് നമുക്ക് അവരെ വീർപ്പുമുട്ടിക്കാം
അതിരുകടക്കുന്ന ആഹാരരീതികൾ അവരുടെ ശ്വാസം
തടയാതിരിക്കട്ടെ
ചുട്ടുപൊള്ളുന്ന ജീവിത മണലാരണ്യത്തിൽ നിന്ന്
അവരുടെ കുഞ്ഞുകാലുകളെ അകറ്റുക
വളർച്ചയിലേക്ക് നാം അവരെ പരിപാലിക്കുക
നാശത്തിലേക്ക് നാം അവരെ പിഴുതെറിയരുതേ
കുഞ്ഞുങ്ങൾ യേശുവിന്റേതാണ്.
നാം വെറും കാവൽക്കാർ മാത്രം
നമ്മുടെ കൈകളിൽ അവർ സുരക്ഷിതരായിരിക്കട്ടെ
നമ്മുടെ നെഞ്ചിൽ അവർ മന്ദമായുറങ്ങട്ടെ.

**അടിക്കുറിപ്പ്: മനുഷ്യന്റെ ക്രൂരത കൊണ്ടും അനാസ്ഥകൊണ്ടും അകാലത്തിൽ പൊലിയുന്ന കുഞ്ഞുപൈതങ്ങൾക്കായി.**

*E-mail:* beljourn@gmail.com
*Website:* www.beljourn.com
*Office:* 0469 2666 995

# വാർഷിക കൺവൻഷൻ

**പന്തളം:** ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യാ പന്തളം ഡിസ്ട്രിക്ടിന്റെ പതിനാലാമത് വാർഷിക കൺവൻഷൻ 2017 നവംബർ 29 ബുധൻ മുതൽ ഡിസംബർ 3 വരെ കുളനട ദൈവസഭാ ഗ്രൗണ്ടിൽ (മാന്ത്യക യു. പി. സ്കൂളിന് സമീപം) വച്ച് നടത്തപ്പെടുന്നു. ഡിസ്ട്രിക്ട് പാസ്റ്റർ അനിയൻ കുഞ്ഞ് സാമുവേൽ ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. കൺവൻഷനിൽ പ്രസംഗകരായി റവ. സി. സി. തോമസ് (സ്റ്റേറ്റ് ഓവർസിയർ), പാസ്റ്റർ വൈ. റെജി (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), പാസ്റ്റർ അനിയൻകുഞ്ഞ് സാമുവേൽ (ഡി.പി.), പാസ്റ്റർ വി. ഒ. വർഗീസ് (മുംബൈ), പാസ്റ്റർ ദാനിയേൽ വില്യംസ് (അബുദാബി) എന്നിവർ പ്രധാന പ്രസംഗകരായിരിക്കും. വെള്ളിയാഴ്ച പകൽ 10 മുതൽ 1വരെ സഹോദരി സമ്മേളനവും ശനി പകൽ 10 മുതൽ 1 വരെ സണ്ടേസ്കൂൾ വൈ. പി. ഇ. സംയുക്ത വാർഷിക സമ്മേളവും നടക്കുന്നതാണ്. ഞായറാഴ്ച സംയുക്ത ആരാധനയോടുകൂടി കൺവൻഷൻ സമാപിക്കും. (പൊതുയോഗം എല്ലാ ദിവസവും വൈകിട്ട് 6മുതൽ 9 വരെ). ക്രൈസ്റ്റ് സിംഗേഴ്സ് (ചെങ്ങന്നൂർ) ഗാനശുശ്രൂഷക്ക് നേതൃത്വം നല്കും.

**ഡെൽഹി:** ഇന്ത്യ പെന്തെക്കോസ്ത് ചർച്ച് ഓഫ് ഗോഡ് ഡെൽഹി സ്റ്റേറ്റ് വാർഷിക കൺവൻഷനും ശുശ്രൂഷക സമ്മേളനവും നവംബർ 9 മുതൽ 11 വരെ ചണ്ഡേവാല റാണി ജാൻസി റോഡിലെ അംബേദ്കർ ഭവനിൽ വച്ച് നടന്നു. ഡെൽഹി സ്റ്റേറ്റ് പ്രസിഡന്റ് സാമുവേൽ എം. തോമസ് ഉത്ഘാടനം ചെയ്തു. പാസ്റ്റർ കെ.സി. ജോൺ (ഐ.പി.സി. ജനറൽ സെക്രട്ടറി), പാസ്റ്റർ കെ. ജോയ്, പാസ്റ്റർ ടോമി ജോസഫ്, പാസ്റ്റർ ദാനിയേൽ കൊന്നനിൽകുന്നതിൽ എന്നിവർ പ്രഭാഷണം നടത്തി. ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ & ഓർഡിനേഷൻ സർവീസും, സൺഡേസ്കൂൾ, സോദരിസമാജം, P Y P A എന്നിവയുടെ വാർഷിക സമ്മേളനവും നടന്നു 12-ാം തീയതി ഞായറാഴ്ച സംയുകത ആരാധനയോടുകൂടെ കൺവെൻഷൻ സമാപിച്ചു. പാസ്റ്റർ സാം തോമസ്, ബ്രദർ ജോൺസൺ എം, കോശി മാത്യു എന്നിവർ നേതൃത്വം കൊടുത്തു.

**ചാരുംമൂട്:** യു.പി.എഫ്. ചാരുംമൂട് 11-ാമത് ജനറൽ കൺവൻഷൻ 2017 നവംബർ 16-19 വരെ ചാരുംമൂട് യു. പി. എഫ്. നഗറിൽ നടക്കും. ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർ ഷാജി യോഹന്നാൻ, പാസ്റ്റർ ജോയി പാറയ്ക്കൽ, പാസ്റ്റർ ഡി. ബാബു, പാസ്റ്റർ റെജി ശാസ്താംകോട്ട എന്നിവർ വചനശുശ്രൂഷ നിർവ്വഹിക്കും. യു.പി.എഫ്. ചാരുംമൂട് പ്രസിഡന്റ് പാസ്റ്റർ സി. ആർ. മൈക്കിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. നിരണം ഹീലിംഗ് മെലഡീസ് ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും. പാസ്റ്റർ പി. വി. ജോർജ്ജുകുട്ടി, പാസ്റ്റർ മാത്യു ലാസർ, പാസ്റ്റർ രാജു ജോൺ, പാസ്റ്റർ ബെന്നി വെട്ടിയാർ, ഇവാ. ഇ. ജോർജ്ജ് തുടങ്ങിയവർ നേതൃത്വം വഹിക്കും.

# സഹായിക്കുക......

**വെള്ളറട:** ശാരോൻ ഫെലോഷിപ്പ് ചർച്ച് പാസ്റ്ററായിരുന്ന് ഇപ്പോൾ ശുശ്രൂഷിക്കുവാൻ വാർദ്ധക്യ സഹജമായതിനാൽ കഴിയാതെ വിശ്രമിക്കുന്ന പാസ്റ്റർ ജെ. പൗലോസ് ഉദാരമനസുള്ള ദൈവമക്കളുടെ പ്രാർത്ഥനയും കനിവും തേടുന്നു. തിരുവനന്തപുരം ജില്ലയിൽ പന്നിയോട് എന്ന സ്ഥലത്ത് താമസക്കാരനായ പാസ്റ്റർ പൗലോസ് ശാരോൻ ഫെലോഷിപ്പ് ചർച്ച് തിരുവല്ലയിലെ ബൈബിൾ കോളജ് പഠനത്തിനുശേഷം 1973 മുതൽ സഭാശുശ്രൂഷ ആരംഭിച്ചു. കോട്ടയം ജില്ലയിലെ പീരുമേട് ജയിലിനടുത്തുള്ള സഭ തന്റെ കഠിനപ്രയത്നം മൂലം പ്രവർത്തന ഫലമായി. അവിടെ സഭ സ്ഥാപിച്ചു. നല്ലൊരു കൂടിവരവ് ഇപ്പോൾ നടക്കുന്നു. അവിടെ നിന്ന് പത്തനാപുരം കറവൂര് വന്ന് അവിടത്തെ പ്രവർത്തനത്താൽ ഒരു സഭ തുടങ്ങി. പല എതിർപ്പ് പ്രയാസങ്ങളും കഠിനശോധന അനുഭവിച്ച് അവിടെയും നല്ലൊരു സഭയും പ്രവർത്തനവും ഇപ്പോൾ ഉണ്ട്. അവിടുന്ന് തിരുവനന്തപുരം ശ്രീകാര്യം വികാസ് നഗറിൽ ഒരു പ്രവർത്തനം തുടങ്ങി. അവിടെയും നല്ലൊരു സഭ ഇപ്പോൾ ഉണ്ട്. ഈ കാലയളവിൽ ദൈവം 3 പെൺമക്കളെ നൽകി. ഈ സമയങ്ങളെല്ലാം സ്വന്തമായി സ്ഥലമോ വീടോ ഇല്ലാതെ സഭാ പാഴ്സനേജിൽ താമസിച്ച് പ്രവർത്തിച്ചുവന്നു. മൂന്ന് പെൺമക്കൾ. അവരെ പഠിപ്പിച്ച് അവരുടെ വിവാഹങ്ങൾ നടത്തുവാൻ കഴിഞ്ഞു. 2 പേർ സഭാശുശ്രൂഷകന്മാരാണ്. ഇപ്പോൾ എനിക്ക് 78 വയസുണ്ട്. ശുശ്രൂഷിക്കാൻ കഴിയാതെ ക്ഷീണിതനാണ്. പന്നിയോട്ട് ഞാൻ 8 സെന്റ് സ്ഥലം വാങ്ങി. ഇപ്പോൾ ഞാനും ഭാര്യയും അവിടെ ഒരു കുടിൽ പോലെയുള്ള ഒരു റൂം ഉണ്ടാക്കി അവിടെ താമസിക്കുന്നു. പലവിധ രോഗത്താലും ക്ഷീണത്താലും പുറത്ത് യാത്ര ചെയ്യാനോ ശുശ്രൂഷകൾ ചെയ്യാനോ കഴിയാതെ വിശ്രമിക്കുന്നു. ദൈവമക്കളുടെ ആത്മാർത്ഥമായ പ്രാർത്ഥനയും റൂം പണിയാനുള്ള സഹായവും അഭ്യർത്ഥിക്കുന്നു.

**പാസ്റ്റർ ജെ. പൗലോസ്**
**മുള്ളുൻകുഴി, തടത്തരികത്തു വീട്,**
**കുളവുപാറ, പന്നിയോട് പി.ഒ. കാട്ടാക്കട, തിരുവനന്തപുരം**
**പിൻ: 695575, ഫോൺ: 9745360863**

# ഏകദിനക്യാമ്പ്




ഐ.പി.സി. കുറ്റിപ്പുറം സെന്റർ ഏകദിന ക്യാമ്പ് ഒക്ടോബർ 18-ന് വളാഞ്ചേരി ആയിഷ റസിഡൻസി ആഡിറ്റോറിയത്തിൽ വെച്ചു നടത്തി. സെന്റർ സെക്രട്ടറി പാസ്റ്റർ സന്തോഷ് കുമാറിന്റെ അധ്യക്ഷതയിൽ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വി. റ്റി. അന്ത്രയോസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ദൈവദാസന്മാരായ പാസ്റ്റർ ജോൺ മമ്മരപ്പള്ളി ഡോ. സാജൻ സി. ജേക്കബ് എന്നിവർ ക്യാമ്പ് നടത്തി. അനേക ദൈവമക്കൾ ക്യാമ്പിൽ പങ്കെടുത്തു. പാസ്റ്റർ ജിജോ പാപ്പച്ചൻ, പാസ്റ്റർ ജോർജ് പി. എം. എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

# അസ്സോസിയേഷൻ ഓഫ് ക്രിസ്റ്റ്യൻ തിങ്കേഴ്സ് (ACT) ഉദ്ഘാടനം ഡിസംബർ 4 ന്

**കടുത്തുരുത്തി:** ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സിന്റെ (ACT) ഉദ്ഘാടനം ഡിസംബർ 4 തിങ്കളാഴ്ച വൈകിട്ട് 4 മണിക്ക് കടുത്തുരുത്തി കടപ്പൂരാൻ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കും. ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭ ജനറൽ സെക്രട്ടറി റവ. കെ. സി. ജോൺ ഉദ്ഘാടനം നിർവഹിക്കും. ആക്ട് രക്ഷാധികാരി തോമസ് വടക്കേക്കൂറ്റ് അദ്ധ്യക്ഷനായിരിക്കും. വിവിധ സഭാ നേതാക്കന്മാർ, ആക്ട് ഭാരവാഹികൾ, ക്രിസ്തീയ എഴുത്തുകാർ, പത്രപ്രതിനിധികൾ തുടങ്ങിയവർ സംബന്ധിക്കും. കൂടുതൽ വിവരങ്ങൾക്ക് കെ.എൻ. റസ്സൽ - 9446571642, രാജു ആനിക്കാട് - 9446187207.

# പ്രസ്കില്ല ഡാനിയേലിന് സ്വർണ്ണമെഡൽ




പാലായിൽ നടന്ന സംസ്ഥാന സ്കൂൾ കായികോത്സവത്തിൽ ജൂനിയർ പെൺകുട്ടികളുടെ 400, 800 മീറ്ററുകളിൽ സുവർണ്ണനേട്ടം കൈവരിച്ച് ഓട്ടത്തിൽ പ്രിസ്കില്ല ഡാനിയേൽ സ്വർണ്ണ മെഡൽ നേടി.

കുമ്പനാട് സെന്ററിൽ ഉൾപ്പെട്ടു നിൽക്കുന്ന ഐ. പി. സി. സീയോൻ നെല്ലിമല സഭാംഗമാണ് പ്രിസ്ക്കില്ല. തിരുവനന്തപുരം സ്വദേശി എ. ദാനിയേലിന്റെയും ഗ്രേസി ദാനിയേലിന്റെയും ഇളയ മകളായ പ്രിസ്കില്ലയുടെ സഹോദരി ഷേബ ദാനിയേലും മികച്ച സ്പോർട്സ് താരമായിരുന്നു.

# 01 ↶ സൗദിയും യിസ്രായേലും പരസ്യമായ....

ലിലെ ചില കമ്പനികൾ സൗദി സർക്കാരിന് സൈബർ സുരക്ഷാ ഉത്പന്നങ്ങൾ നേരത്തെ മുതൽ വിതരണം ചെയ്യുന്നുണ്ട്.

ന്യൂയോർക്കിലെ കൂടികാഴ്ചയിൽ സൗദി പ്രതിനിധി തുർക്കി ബിൻ ഫൈസൽ പറഞ്ഞ ഒരു യാഥാർത്ഥ്യം പലരുടേയും കണ്ണ് തുറപ്പിക്കുന്നതാണ്.

"സിറിയ ഭരണാധികാരി ആസാദ് ഏറ്റവും വലിയ തീവ്രവാദിയാണ്.

ഹമാസ്, ഐ.എസ്., അൽ-നുസരാ എന്നീ സംഘങ്ങളേക്കാൾ ഏറ്റവും കൂടുതൽ പേരെ കൊന്നൊടുക്കിയത് ആസാദ് ആണ്" എന്നു ഫൈസൽ പറഞ്ഞു. സൗദിയുടെ പ്രത്യേക നിക്ഷേപ നഗരത്തിൽ മലയാളികൾക്ക് തൊഴിൽ, വ്യവസായ അവസരങ്ങൾ ലഭിക്കും എന്ന് കരുതുന്നു.


CHURCH OF GOD
UMM Al Quwain (UAE)

WORSHIP
Friday 11am - 1.30pm
COTTAGE MEETING
Saturday 8pm - 9.30pm

E-mail: churchofgoduae@gmail.com




Pr. Binu Thomas
Ph: 00971-505516735

Pr. John Koshy
Ph: 00971-559270602

Patmos Ministries India

ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും

പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ

തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959

Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

# ഡോ. ഏഴംകുളം സാംകുട്ടിക്ക് മറുപടിയും ചില യാഥാർത്ഥ്യങ്ങളും

ഞാൻ ഇപ്പോൾ അമേരിക്കയിലെ ഡാളസിലാണ്. കഴിഞ്ഞ ദിവസം അപ്രതീക്ഷിതമായി ഒരു ഫോൺ കോൾ ലഭിച്ചു. ഞാൻ ലൂസിയാനയിൽ നിന്നും ഏഴംകുളം സാംകുട്ടിയാണ് എന്ന് പറഞ്ഞിട്ട് പ്രൈവറ്റ് ആയി സംസാരിക്കണം എന്നാവശ്യപ്പെട്ടായിരുന്നു കോൾ. രണ്ടു ദിവസം പോലും അമേരിക്കയിൽ നിൽക്കാൻ നിനക്കവകാശമില്ല എന്നും ഫെഡറൽ പോലീസിൽ ഞാൻ പരാതി നൽകിയിട്ടുണ്ട് ഈ യാഴ്ചയോ അടുത്താഴ്ചയോ നിന്നെ ചോദ്യം ചെയ്യും അറസ്റ്റ് ചെയ്യും എന്നും അദ്ദേഹം എന്നെ ഭീഷണിപ്പെടുത്തുകയാണുണ്ടായത്. തുടർന്ന് യാതൊരു സാമാന്യ മര്യാദയുമില്ലാതെ ഭീഷണി സ്വരത്തിൽ സംസാരിച്ചു. മുമ്പ് ചെയ്തതുപോലെ ഒരു ഊമക്കത്താണ് പ്രതീക്ഷിച്ചത് എന്ന് അദ്ദേഹത്തോട് ഞാൻ മറുപടി പറഞ്ഞ് കോൾ കട്ട് ചെയ്തു. കഴിഞ്ഞ വർഷം അമേരിക്കയിൽ എത്തിയ ഷൈജു തോമസ് ഞാറക്കലിനെ ഇദ്ദേഹം തുടർമാനമായി വിളിച്ച് ഇതേ നിലയിൽ ഭീഷണിപ്പെടുത്തിയതിന്റെ ശബ്ദരേഖ കേട്ടിരുന്നു. കൂടാതെ തനിക്ക് എതിരെ ഫേസ്ബുക്ക് പോസ്റ്റുകൾ ഇട്ട് പ്രോഗ്രാം തടയുവാനും നോക്കിയ കാര്യം അദ്ദേഹം പറഞ്ഞിരുന്നു. ഫോൺ കോൾ കൊണ്ട് എനിക്ക് ഭയം തോന്നിയില്ല. കാരണം ഞാൻ ഈ രാജ്യ നിയമങ്ങൾ ലംഘിച്ചിട്ടില്ല. നിയമപ്രകാരം അനുവദിക്കപ്പെട്ട സമയപരിധി എന്റെ പാസ്പോർട്ടിലുണ്ട്. ബിലീവേഴ്സ് ജേണലിന്റെ പേരിൽ ഫണ്ട് റെയ്സിംഗോ എന്തിന് വരിസംഖ്യ പോലുമോ പിരിച്ചിട്ടില്ല.

എന്നാൽ പിറ്റേന്ന് വളരെ നിന്ദ്യമായ നിലയിൽ തന്റെ ഭാവനക്കനുസരിച്ചും ചിലർ നൽകുന്ന തെറ്റായ വിവരങ്ങൾ പ്രകാരവും ഫേസ് ബുക്കിൽ പോസ്റ്റിട്ടു. അനേകർ എന്നെ വിളിക്കുകയും ഏഴംകുളം സാംകുട്ടിക്കായി പ്രാർത്ഥിക്കുന്നു എന്നു പറയുകയും ചെയ്തു.

എന്താണ് ഏഴംകുളം സാംകുട്ടിയുടെ പ്രകോപനത്തിന് കാരണം. അതിനുള്ള വിശദീകരണം ആണ് ഈ കുറിപ്പ്. 2014 PCNAK യുമായി ബന്ധപ്പെട്ടാണ് എനിക്ക് അമേരിക്കൻ സന്ദർശന വിസ ലഭിക്കുന്നത്. ഞാൻ അമേരിക്കയിൽ എത്തുന്നതിനുമുമ്പേ പല പേജുകളുള്ള ഒരു ഊമക്കത്ത് കേരളത്തിൽ വ്യാപകമായി പ്രചരിച്ചു. അമേരിക്കയിൽ നിന്നും അയച്ച ആ കത്തിൽ പല പത്രക്കാരെയും അധിക്ഷേപിച്ചിരുന്നു. എന്നാൽ എന്നെയും ബിലീവേഴ്സ് ജേണലിനെയും ലക്ഷ്യം വെച്ചുള്ള കത്തായിരുന്നു അത്. എന്നെ അമേരിക്കയിൽ ഇറക്കില്ല എന്ന് ഇന്റർനെറ്റ് ഫോൺ കോളുകൾ തുടരെ വന്നുകൊണ്ടിരുന്നു. അമേരിക്കയിൽ ഞാൻ ചെന്ന പട്ടണങ്ങളിലെല്ലാം നൂറുകണക്കിന് കത്ത് പ്രചരിപ്പിച്ചു. 5 മാസത്തോളം ഞാൻ ആ യാത്രയിൽ ഇവിടെയുണ്ടായിരുന്നു. എന്റെ സന്ദർശനം ചിലരെ അലോസരപ്പെടുത്തുന്നുണ്ട് എന്ന് മനസിലായി. ഈ കത്തിന്റെ പിന്നിൽ പലരെയും സംശയിച്ചു. എന്നാൽ ആരും വിചാരിക്കുന്ന ആളല്ല ഇതിനു പിന്നിൽ എന്നും മറുപ്പച്ച എഡിറ്റർ പലരോടും പറഞ്ഞകൂട്ടത്തിൽ ജേണലിന്റെ ഉത്തരവാദിത്വപ്പെട്ട ആളോടും പറഞ്ഞിരുന്നു. ഏഴംകുളമാണെന്ന് അദ്ദേഹം പറഞ്ഞെങ്കിലും ഒരിക്കലും വിശ്വസിക്കുവാൻ കഴിഞ്ഞില്ല. 2015-ൽ ഞാൻ എത്തിയപ്പോൾ എന്റെ ഫോട്ടോ വച്ച് ഒരു ഊമക്കത്ത് വീണ്ടും പ്രചരിച്ചു. കഴിഞ്ഞ കത്തിന്റെ അതേപോലെ ഒന്ന്. അതിൽ ചിരിക്കുന്ന എന്റെ ഫോട്ടോ വച്ചിട്ട് പല്ല് അടിച്ചുകളയണം എന്ന ആഹ്വാനവും നൽകിയിരുന്നു. രണ്ട് വിവാഹങ്ങളിൽ സംബന്ധിക്കുവാൻ കൂടിയാണ് ഇക്കുറി ഈ രാജ്യത്തെത്തിയത്. ഈ രാജ്യത്ത് എന്റെ ബന്ധുക്കൾ അനേകരുണ്ട്. ഇക്കുറിയും ഒരു ഊമക്കത്ത് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു.

എന്നാൽ പതിവിനു വിപരീതമായി ഏഴംകുളത്തിന്റെ ഫോൺ കോളാണ് വന്നത്. ഊമക്കത്ത് പലതും പ്രചരിപ്പിച്ചത് ഏഴംകുളം ആണ് എന്ന വസ്തുത ലോകം മുഴുവനും അറിഞ്ഞതിന്റെ വൈരാഗ്യത്താൽ ആകാം ഫേസ്ബുക്കിൽ വളരെ നിന്ദ്യമായ നിലയിൽ പോസ്റ്റിട്ടിരിക്കുന്നത്. അതുകൊണ്ടും വൈരാഗ്യം തീരാഞ്ഞതിനാലാകാം ഞാൻ താമസിക്കുന്ന ഭവനത്തെയും വലിച്ചിഴച്ചിരിക്കുന്നത്.

**എന്താണ് ഏഴംകുളത്തിന്റെ വൈരാഗ്യത്തിനു കാരണം?**

ഡോ. ഏഴംകുളം സാംകുട്ടി എന്ന സാഹിത്യകാരനെയും പ്രസംഗകനെയും വളരെ ബഹുമാനത്തോടെ കണ്ടിരുന്ന ആളാണ് ഞാൻ. ഹല്ലേലൂയ്യാ പത്രത്തിന്റെ ആരംഭകാലം മുതൽ അതിന്റെ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ജനറൽ കോർഡിനേറ്റർ എന്ന നിലയിൽ അതിന്റെ വളർച്ചയ്ക്കായി അത്യധ്വാനം ചെയ്തു. എന്നാൽ ചില അഭിപ്രായ വ്യത്യാസം കാരണം ഹല്ലേലൂയ്യാ പത്രം വിടേണ്ടി വന്നു. മറ്റൊരു പത്രത്തിൽ പ്രവർത്തിക്കുകയോ തുടങ്ങുകയോ ചെയ്യരുത് എന്ന സാംകുട്ടി ചാക്കോയുടെ ആവശ്യം അംഗീകരിച്ച് സ്നേഹത്തോടെയാണ് അവിടെ നിന്നും പിരിയുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യത്തിലും ചിലരുടെ സ്നേഹപൂർവ്വമായ നിർബന്ധത്താലും ബിലീവേഴ്സ് ജേണൽ ടീമിൽ എത്തുകയായിരുന്നു. എന്നാൽ ഏഴംകുളം ഇറക്കിയ പോസ്റ്റിൽ അതുമായി ബന്ധപ്പെട്ട് ചില അശ്ലീല പരാമർശങ്ങൾ നടത്തിയിരിക്കുന്നു. സാംകുട്ടി ചാക്കോയുമായി ഇന്നും ഞാൻ ഫോണിൽ സംസാരിച്ചിരുന്നു. ഏഴംകുളം അനാവശ്യമായി തന്നെയും വലിച്ചിഴക്കുകയാണെന്നും വാസ്തവമല്ലാത്ത കാര്യങ്ങളാണ് പ്രചരിപ്പിക്കുന്നതെന്നും വ്യാജം പറയുന്നതാണെന്നും പറഞ്ഞത് രേഖയുണ്ട്.

ബിലീവേഴ്സ് ജേണലിന്റെ എഴുത്തുകാരനായ പാസ്റ്റർ അനിൽ കൊടിത്തോട്ടത്തോടുള്ള വൈരാഗ്യമാണ് പിന്നീട് എനിക്കെതിരെയും ജേണലിനെതിരെയും തിരിയുവാൻ ഏഴംകുളത്തിനിടയാക്കിയത് എന്നതാണ് യാഥാർത്ഥ്യം.

ഏഴംകുളത്തിന്റെ പുസ്തക വിതരണക്കാരൻ കൂടിയായിരുന്ന മറ്റൊരു പത്രക്കാരന്റെ റോൾ ഇതിൽ വലുതാണ്. ജേണൽ ആരംഭിക്കുന്നതിനു മുമ്പ് റീഡേഴ്സ് ജാലകം എന്ന പത്രത്തിൽ അനിൽ കൊടിത്തോട്ടം പാളം തെറ്റിയ തീവണ്ടിയെക്കുറിച്ച് ഒരു പഠനം എഴുതിയിരുന്നു. അതിൽ ഈ പുസ്തകത്തിന്റെ പോരായ്മകളും എഴുതിയിരുന്നു. ഇതിലുള്ള അസഹിഷ്ണതയാണ് പിന്നീട് ജേണലിനു നേരെ തിരിയുവാൻ കാരണമായത്. ഈ വൈരാഗ്യം വളർത്തുന്നതിൽ ജേണലിന്റെ വളർച്ചയിൽ അസ്വസ്ഥതയുണ്ടായിരുന്ന ചിലരുടെ പങ്കും ഉണ്ടായിരുന്നുവെന്നറിയാം.

2013-ൽ ഏഴംകുളം സാംകുട്ടി എന്നെ ഫോണിൽ ബന്ധപ്പെടുവാൻ തുടങ്ങി. രാത്രി 12-നും 1-നുമൊക്കെ വിളിച്ച് ദീർഘനേരം സംസാരിക്കുന്ന അദ്ദേഹം മുഴുവൻ സമയവും സംസാരിച്ചുകൊണ്ടിരിക്കും. എന്നും അദ്ദേഹത്തിന്റെ ആവശ്യം ഒന്നുതന്നെയായിരുന്നു. അനിൽ കൊടിത്തോട്ടം, രാജു ആനിക്കാട്, ജെയ്സ് പാണ്ടനാട് എന്നിവരെ ജേണലിൽ നിന്ന് ഒഴിവാക്കണം എന്നായിരുന്നു ആവശ്യം. ഒപ്പം പാളം തെറ്റിയ തീവണ്ടിയെക്കുറിച്ച് പോസിറ്റീവായി ജേണലിൽ ഞാൻ എഴുതണം എന്ന ആവശ്യവും ഉന്നയിച്ചു. കൂടാതെ എന്റെ ലോക്കൽ സഭയിൽ വിതരണം ചെയ്യാൻ അദ്ദേഹത്തിന്റെ പുസ്തക കെട്ടുകൾ നൽകാം എന്നു പറയുകയുണ്ടായി. ഞാൻ എന്റെ പാസ്റ്ററുടെ നമ്പർ നൽകുകയും ചെയ്തു. എന്നാൽ പാളം തെറ്റിയ തീവണ്ടിയെക്കുറിച്ചെഴുതാൻ തക്കതായ കാരണമൊന്നുമില്ലാത്തതിനാൽ ഞാൻ അത് നിരസിച്ചു. മറ്റൊരുഴുത്തുകാരനിലൂടെ എന്നെ പ്രേരിപ്പിക്കുകയും ചെയ്തു. ഈ കാലത്താണ് പാസ്റ്റർ രാജു ആനിക്കാടിനെ ഇദ്ദേഹം വിളിച്ച് തലമുറക്ക് ഗുണം പിടിക്കില്ല എന്നു ശപിച്ചത്.

എന്നാൽ അന്നുമുതൽ ഒളിഞ്ഞും തെളിഞ്ഞും ഏഴംകുളം എന്നെ തകർക്കുവാൻ ശ്രമം ആരംഭിച്ചു. അതിന്റെ ഫലമാണ് വ്യാപകമായി പ്രചരിക്കപ്പെട്ട ഊമക്കത്തുകളിൽ തുടങ്ങി ഫേസ്ബുക്കിൽ ഇപ്പോൾ ഇറക്കിയിരിക്കുന്ന അശ്ലീല സാഹിത്യവും.

അമേരിക്കയിൽ ഇരുന്ന് കേരളത്തിൽ രാഷ്ട്രീയക്കളികൾ നടത്തുവാൻ ശ്രമിച്ച ആളാണ് ഇദ്ദേഹം. എന്നാൽ അതെല്ലാം പരാജയപ്പെട്ടത് അദ്ദേഹത്തെ വൈരാഗ്യബുദ്ധിയാക്കി മാറ്റി.

ഒരേ ആശയഗതിയുള്ള പത്രക്കാർ ഒരുമിച്ചു കൂടുവാനും കൂട്ടായ്മ ആരംഭിക്കുവാനും തുടങ്ങിയപ്പോൾ ഏഴംകുളം ഒരു പത്രാധിപരെ വിളിച്ച് പിന്തിരിപ്പിക്കുവാൻ പരമാവധി ശ്രമിച്ചിരുന്നു. എന്നാൽ ആ തന്ത്രം വിജയിക്കാതെപോയി. അതുപോലെ കേരളത്തിലെ ചർച്ച് ഓഫ് ഗോഡ് ഓവർസിയർ ഇലക്ഷനിൽ വളരെ നിന്ദ്യമായ നിലയിലുള്ള പ്രചരണം ആണ് ഏഴംകുളം നടത്തിയത്. കത്തിക്കുത്ത് നടക്കുമെന്നും ഇലക്ഷൻ നടന്നാൽ സി.സി.തോമസ് ജയിക്കുമെന്നും അതിനാൽ ഇലക്ഷൻ നടത്തിക്കരുത് എന്നുമൊക്കെ പ്രചരണം നടത്തി. എല്ലാ തന്ത്രവും പരാജയപ്പെട്ടപ്പോൾ ചർച്ച് ഓഫ് ഗോഡിൽ നിന്നും രാജിവെക്കുന്നുവെന്ന പ്രസ്താവനയിറക്കി. ചർച്ച് ഓഫ് ഗോഡിൽ എന്തെങ്കിലും ഔദ്യോഗിക സ്ഥാനം ഉണ്ടായിരുന്നതായി അറിവില്ല. ബിലീവേഴ്സ് ജേണൽ നിലപാട് ശരിയാണെന്ന് തെളിഞ്ഞത് ചരിത്രം.

പാസ്റ്റർ പി.ജെ. ജെയിംസിനെ ഞാൻ കണ്ണീർ കുടിപ്പിച്ചു എന്നും സഭാചാർജ്ജ് തരാത്തതിനാലുള്ള വൈരാഗ്യം ആണെന്നും ഏഴംകുളം എഴുതിയിരിക്കുന്നത് കണ്ടു. ഈ കാര്യത്തിൽ ജേണൽ നിലപാട് വ്യക്തമാണ്. ഒരു നല്ല നേതാവിനെതിരെ ഏതു പത്രക്കാർ എഴുതിയാലും ജനം നേതാവിനെ തള്ളിക്കളയില്ല. എന്നാൽ ജനം തിരസ്കരിച്ചതിന് ജേണലിനെ എന്തിന് പഴിക്കുന്നു. 18 വർഷമായി ലോക്കൽ സഭയുടെ ചുമതലയില്ലാത്ത എനിക്ക് ലോക്കൽ സഭ തന്നില്ല എന്നു പറയുന്നത് ഭോഷ്കല്ലേ സാറേ. സാംകുട്ടി മാത്യു ചെയ്യുന്ന ശുശ്രൂഷകളെപ്പറ്റി താങ്കൾ എന്തിനു വിചാരം കൊള്ളുന്നു. മുംബൈയിലെ തെരുവിൽ മുറിവേറ്റവരെയും ആരുമില്ലാത്തവരെയും ചേർത്തു പിടിക്കുന്ന കൈയാണിത്. വടക്കേ ഇന്ത്യയിലും തമിഴ്നാട്ടിലും മലബാറിലും സുവിശേഷം പ്രസംഗിക്കുന്നു. ബിലീവേഴ്സ് ജേണലിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ അനേകരുടെ കണ്ണീരൊപ്പുന്നത് ഞങ്ങൾ പ്രസിദ്ധിക്കുവേണ്ടി ഉപയോഗിക്കാറില്ല. അമേരിക്കയിലെ സഭകളിൽ പ്രസംഗിക്കുന്നതുപോലെ ഡാളസിലെ തെരുവിൽ ഭവനമില്ലാതലയുന്നവരുടെ ഇടയിലെ ശുശ്രൂഷയിലും അഭിമാനിക്കുന്നവനാണ് ഞാൻ.

എത്രയോ രേഖകൾ, ഫോട്ടോകൾ, ശബ്ദരേഖകൾ ഞങ്ങളുടെ കൈകളിൽ ലഭിക്കാറുണ്ട്. അത് ഭദ്രമായി സൂക്ഷിക്കാറുമുണ്ട്. എന്നാൽ അതൊന്നും ഉപയോഗിച്ച് ആരുടെയും വ്യക്തി ജീവിതത്തെ താറടിക്കാൻ ശ്രമിക്കാറില്ല.

പാസ്റ്റർ കെ. ജോയിക്കെതിരെ നടത്തിയ ഒരു വിമർശനം കുമ്പനാട് കൺവൻഷനിലെ ഒരു പ്രസംഗം കാരണമാണ്. ജേണൽ മാത്രമല്ല മിക്ക പത്രങ്ങളും അത് റിപ്പോർട്ട് ചെയ്തതാണ്. അദ്ദേഹത്തിന്റെ പ്രതികരണത്തെ പോസിറ്റീവായിട്ടാണ് ഞങ്ങൾ എടുത്തത്. ഒരു ലക്കത്തിൽ വന്ന പരാമർശം അതിരുകടന്നുവെന്ന് ഞങ്ങൾക്കുതന്നെ ബോധ്യപ്പെട്ടതാണ്. ചില സമയങ്ങളിൽ വരുന്ന കോളങ്ങൾ യാത്രയിലായതിനാൽ എനിക്ക് ശ്രദ്ധിക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. എന്നാൽ ചീഫ് എഡിറ്റർ എന്ന നിലയിൽ ഉത്തരവാദിത്വം ഏറ്റെടുക്കുകയാണ് പതിവ്. അതിനാലാണ് വിമർശനങ്ങൾ കുടിപ്പോകുന്നുവെന്ന് പരാതി ഉയർന്നുകോളങ്ങളായ കല്ലുകടിയും ഡോ. കോരയും ഒഴിവാക്കാൻ എഴുത്തുകാരോട് പറഞ്ഞതും നിർത്തൽ ചെയ്തതും. പാസ്റ്റർ കെ. ജോയിയുടെ ശുശ്രൂഷകൾ ബഹുമാനത്തോടെ കാണുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന ആളാണ് വ്യക്തിപരമായി ഞാൻ.

പാസ്റ്റേഴ്സ് ബാബു ചെറിയാൻ, രാജു മേത്ര, കെ. സി. ജോൺ, എം. കുഞ്ഞപ്പി തുടങ്ങിയവരെ ജേണൽ വിമർശിച്ചിട്ടുണ്ട്. ഒപ്പം അവരോട് സ്നേഹബന്ധം ഇന്നും നിലനിർത്തുകയും ചെയ്യുന്നു. പാസ്റ്റർ കെ. സി. ജോൺ എന്റെ വിശ്വാസസ്നാനം നടത്തിയ കർത്തൃദാസനാണ്. പാസ്റ്റർ മേത്ര എന്റെ സഹപാഠിയുമാണ്.

വിമർശനം പാപമല്ലല്ലോ. ഞങ്ങൾ എഴുതിയത് ഏഴംകുളം സാംകുട്ടി പ്രചരിപ്പിക്കുന്ന അശ്ലീല സാഹിത്യത്തിന്റെ അത്രയും തരംതാണതാകില്ലല്ലോ ഒരിക്കലും. കഴിഞ്ഞ മൂന്നു പതിറ്റാണ്ടോളമായി ഞാൻ ചർച്ച് ഓഫ് ഗോഡുകാരനാണ്. എന്നെ എവിടെയും ആരും വിസ്തരിച്ചിട്ടില്ല. ഉണ്ടെങ്കിൽ രേഖകൾ കൊണ്ടു വരട്ടെ. സഭാനിയമങ്ങൾക്കനുസരിച്ച് ജീവിക്കുന്ന ഒരു പൊതുശുശ്രൂഷകനാണ് 1999-ൽ ലഭിച്ച ബിഷപ്പ് ഓർഡിനേഷനുണ്ട്.

കഴിഞ്ഞ വർഷം ഏഴംകുളം ബിലീവേഴ്സ് ജേണൽ ചെയർമാനെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തെക്കുറിച്ച് മോശമായി എഴുതും എന്നും കേസുകൊടുക്കുമെന്നുമൊക്കെയായിരുന്നു ഭീഷണികൾ. ഇതിനെല്ലാം തെളിവായി ശബ്ദരേഖകളുണ്ട്.

**പ്രിയ ഏഴംകുളത്തിനോടരഭ്യർത്ഥന**

സ്ത്രീവിഷയം പറഞ്ഞാൽ ഏതു വ്യക്തിയെയും ഇല്ലായ്മ ചെയ്യുവാൻ എളുപ്പമാണ് എന്ന തന്ത്രം താങ്കൾ പയറ്റുന്നു. എന്നാൽ താങ്കൾ ഒരു കാര്യം മനസിലാക്കുക ഏതു ഭീഷണികൊണ്ടും ജേണൽ നിലപാടിനുമാറ്റമുണ്ടാകില്ല. കഴിഞ്ഞ രണ്ടു പ്രാവശ്യവും ഊമക്കത്തിലൂടെ പ്രചരിപ്പിച്ചത് വിലപ്പോകില്ല എന്നു കണ്ട് ഇക്കുറി സ്വന്തം പേരിൽ ഇറക്കേണ്ടി വന്നുവെന്നു മാത്രം. പഴയ വീഞ്ഞ് പുതിയതുരുത്തിയിലാക്കി നടത്തിയ പരീക്ഷണം എത്രയോ വർഷങ്ങളായി താങ്കൾ എന്നെ തകർക്കുമെന്ന വെല്ലുവിളിയോടെ പ്രവർത്തിക്കുന്നു. ദൈവം അനുവദിച്ചാൽ അതു നടക്കട്ടെ. അല്ലായെങ്കിൽ അന്തിമ വിജയം സത്യത്തിനായിരിക്കും. അമേരിക്കൻ നിയമങ്ങൾ ഞാൻ ലംഘിച്ചിട്ടില്ല. ഇനി താങ്കൾ ഭീഷണിപ്പെടുത്തിയതുപോലെ എന്നെ ഇവിടെ നിന്ന് കയറ്റിവിട്ടാലും മാധ്യമപ്രവർത്തനം അവസാനിക്കുകയില്ല. സ്തുതി പാഠകനായി നിന്നാൽ എനിക്ക് ലാഭമുണ്ടാക്കാം. അത്തരം ലാഭം എനിക്കുവേണ്ട. ഈ നഷ്ടങ്ങളും അപമാനങ്ങളും ഏൽക്കാൻ കാരണം എന്റെ നിലപാടാണ് എന്നറിയാം. എന്നാൽ അതുമാറ്റി കാപട്യവും ഇരട്ടമുഖവും ഉള്ള നിലപാടെനിക്കുവേണ്ട. കർത്താവ് വരാൻ താമസിച്ചാൽ ജേണലിന്റെ തൂലിക ഇതേപോലെ മുമ്പോട്ട് പോകും. യോസേഫിന്റെ ദൈവം ഇന്നും ജീവിക്കുന്നുണ്ട്. കാലമാണ് സത്യത്തെ വെളിപ്പെടുത്തുന്നത്. സുവിശേഷം എനിക്ക് ആദായമാർഗ്ഗമല്ല. 75 വർഷം പഴക്കമുള്ള വീട്ടിൽ താമസിക്കുകയും സാധാരണക്കാരിൽ സഞ്ചരിക്കുകയും ചെയ്യുന്ന സാധാരണ ഉപദേശി മാത്രമാണ് ഞാൻ. അതുകൊണ്ട് തന്നെ നേതാക്കന്മാരോടൊപ്പമോ ഉപജാപസംഘങ്ങളിലോ എന്നെ കണ്ടുവെന്ന് വരില്ല. താങ്കളുടെ ഭാഷയിൽ മറുപടി എഴുതുവാൻ താങ്കളുടെ സംസ്കാരത്തിലേക്കും നിലവാരത്തിലേക്കും താഴണം. എന്നാൽ അതിന് എനിക്കു കഴിയില്ല. കാരണം എനിക്ക് ഒരു പൈതൃകമുണ്ട്. അത് കേവലം എഴുത്തുകൊണ്ട് കിട്ടുന്നതല്ലല്ലോ. ഹൃദയം നിറഞ്ഞ് കവിയുന്നതല്ലേ വായ് പ്രസ്താവിക്കൂ. സത്യത്തെ കുരിശിലേറ്റിയാലും മൂന്നാം ദിനം അതിനൊരുയർപ്പുണ്ട്. താങ്കളാൽ ആവോളം ചെയ്തുകൊൾക. പ്രതിഫലം കർത്താവ് തരട്ടെ.

അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ എന്നാണല്ലോ വചനം. ജീവവസാനം ഓർത്ത് അനുകരിപ്പാൻ എന്തെങ്കിലും ലോകത്തിനു നൽകേണ്ട പ്രായത്തിൽ സത്ബുദ്ധിയും വിവേകവും കർത്താവ് നൽകട്ടെയെന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

സാംകുട്ടി മാത്യു

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 21

# BELIEVERS JOURNAL

PUBLISHED ON 10/11/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.